23
2024
മേയ്
വ്യാഴം
ഇടവം 9

# NAUTICAL TIMES KERALA
The National Daily in Malayalam / English
# നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-5, Issue No.191 Page 4, | Price: Rs. 2 | പുസ്തകം-5 ലക്കം-191 | പേജ് 4. വില 2.00 രൂപ




02 ജൂൺ 10 മുതൽ ട്രോളിംഗ് നിരോധനം; വിലക്ക് 52 ദിവസം
03 തോരാ മഴ, തീരാ ദുരിതം
04 പന്തീരാങ്കാവ് കേസ്; പെൺകുട്ടിയുടെ രഹസ്യമൊഴിയെടുക്കും

# ജൂൺ 10 മുതൽ ട്രോളിംഗ് നിരോധനം; വിലക്ക് 52 ദിവസം

തിരുവനന്തപുരം: സംസ്ഥാനത്ത് ജൂൺ 9 അർധരാത്രി മുതൽ ജൂലൈ 31 അർധരാത്രി വരെ ട്രോളിങ് നിരോധനം നടപ്പിലാക്കാൻ ഫിഷറീസ് വകുപ്പ് മന്ത്രി സജി ചെറിയാന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനം. 52 ദിവസം ട്രോളിംഗ് നിരോധനം നീണ്ടുനിൽക്കും.

നിരോധനം നടപ്പാക്കുന്നതിനായി ജില്ലാ കളക്ടർമാരുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും മത്സ്യമേഖലയിലെ വിവിധ ട്രേഡ് യൂണിയൻ നേതാക്കളുടെയും യോഗം വിളിച്ചുകൂട്ടി ജില്ലാതല തീരുമാനങ്ങൾ കൈക്കൊള്ളണം. അന്യ സംസ്ഥാന ബോട്ടുകൾ ട്രോളിങ് നിരോധനം തുടങ്ങുന്നതിനു മുമ്പ് കേരളതീരം വിട്ടുപോകുന്നതിന് ബന്ധപ്പെട്ട തീരദേശ ജില്ലാ കളക്ടർമാർ നിർദ്ദേശം നൽകണമെന്നും മന്ത്രി അറിയിച്ചു.

ജൂൺ ഒമ്പതിന് വൈകുന്നേരത്തോടെ ട്രോളിംഗ് ബോട്ടുകൾ എല്ലാം കടലിൽ നിന്നും സുരക്ഷിത സ്ഥാനത്തേയ്ക്ക് മാറ്റിയിട്ടുണ്ടെന്ന് മറൈൻ എൻഫോഴ്സുമെന്റും കോസ്റ്റൽ പോലീസും ഉറപ്പാക്കണം. ട്രോളിങ് നിരോധനം ലംഘിയ്ക്കുന്ന ട്രോൾ ബോട്ടുകൾക്കെതിരെ കർശന നിയമനടപടി സ്വീകരിക്കണമെന്നും നിർദേശിച്ചു.

കൊല്ലം ജില്ലയിലെ നീണ്ടകര ഹാർബർ ട്രോളിങ് നിരോധന കാലഘട്ടത്തിൽ ഇൻബോർഡ് വള്ളങ്ങൾ ഒഴികെയുള്ള പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് തുറന്നുകൊടുത്തിരുന്നു. അത് ഈ വർഷവും തുടരാൻ നടപടി സ്വീകരിക്കണമെന്ന് മന്ത്രി നിർദേശിച്ചു. ഇൻബോർഡ് വള്ളങ്ങളോടൊപ്പം ഒരു കാരിയർ വള്ളം മാത്രമേ അനുവദിക്കൂ.



ട്രോളിങ് നിരോധനവുമായി ബന്ധപ്പെട്ട് ഹാർബറുകളിലും ലാന്റിംഗ് സെന്ററുകളിലും പ്രവർത്തിക്കുന്ന ഡീസൽ ബങ്കുകൾ അടച്ചുപൂട്ടാൻ നിർദ്ദേശം നൽകണം. എന്നാൽ ഇൻബോർഡ് വള്ളങ്ങൾക്ക് ഡീസൽ ലഭ്യമാക്കാൻ അതത് ജില്ലകളിലെ മത്സ്യ ഫെഡിന്റെ തെരഞ്ഞെടുത്ത ഡീസൽ ബങ്കുകൾ നിബന്ധനകൾക്ക് വിധേയമായി പ്രവർത്തിക്കാൻ അനുവദിക്കാനും യോഗത്തിൽ തീരുമാനമായി.

എല്ലാ തീരദേശ ജില്ലകളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന ഫിഷറീസ് കൺട്രോൾ റൂമുകൾ മെയ് 15 മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ട്രോളിങ് നിരോധന കാലയളവിൽ ട്രോളിംഗ് ബോട്ടിൽ തൊഴിലെടുക്കുന്ന മത്സ്യത്തൊഴിലാളികൾക്കും അവയെ ആശ്രയിച്ച് ഉപജീവനം കണ്ടെത്തുന്ന അനുബന്ധ തൊഴിലാളികൾക്കും സൗജന്യ റേഷൻ വിതരണം ഊർജ്ജിതമാക്കുമെന്ന് മന്ത്രി യോഗത്തിൽ ഉറപ്പു നൽകി.

മത്സ്യമേഖലയിലെ വിവിധ ട്രേഡ് യൂണിയൻ നേതാക്കന്മാർ, ജില്ലാ കളക്ടർമാർ, ജില്ലാ പൊലീസ് സൂപ്രണ്ടുമാർ, കോസ്റ്റൽ പൊലീസ് മേധാവി, മറൈൻ എൻഫോഴ്സ്മെന്റ്, ഇന്ത്യൻ കോസ്റ്റ് ഗാർഡ്, ഇന്ത്യൻ നേവി, ഫിഷറീസ്, സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർ എന്നിവരാണ് യോഗത്തിൽ പങ്കെടുത്തത്. ഏകീകൃത കളർ കോഡിംഗ് നടത്തിയിട്ടില്ലാത്ത ബോട്ടുകൾ ട്രോളിംഗ് നിരോധന കാലയളവിൽ തന്നെ അടിയന്തിരമായി കളർ കോഡിംഗ് നടത്തണമെന്നും യോഗം നിർദ്ദേശിച്ചു.

# അതിതീവ്ര മഴ വരുന്നു



തിരുവനന്തപുരം: കേരളത്തിൽ അതിതീവ്ര മഴക്ക് സാധ്യതയുള്ളതിനാൽ കേന്ദ്ര കാലാവസ്ഥ വകുപ്പ് അഞ്ച് ജില്ലകളിൽ റെഡ് അലേർട്ട് പ്രഖ്യാപിച്ചു. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി എന്നീ ജില്ലകളിലാണ് ഇന്ന് റെഡ് അലേർട്ട് പ്രഖ്യാപിച്ചിരിക്കുന്നത്.

തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ ഓറഞ്ച് അലേർട്ടും കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ യെല്ലോ അലേർട്ടും പ്രഖ്യാപിച്ചിട്ടുണ്ട്. വ്യാഴാഴ്ച എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് എന്നീ ജില്ലകളിൽ ഓറഞ്ച് അലേർട്ട് ആണ്.

തെക്കൻ കേരളത്തിന് മുകളിലായി രൂപപ്പെട്ട ചക്രവാതച്ചുഴിയുടെ ഫലമായി കേരളത്തിൽ അടുത്ത അഞ്ച് ദിവസം ഇടി, മിന്നൽ , കാറ്റോടു കൂടിയ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പിൻറെ മുന്നറിയിപ്പ്. മണിക്കൂറിൽ 3040 കിലോമീറ്റർ വേഗത്തിലുള്ള കാറ്റിനും ശനിയാഴ്ച വരെ ശക്തമായ മഴയ്ക്കും സാധ്യതയുണ്ടെന്നും കാലാവസ്ഥാ വകുപ്പ് അറിയിക്കുന്നു.

തെക്ക് പടിഞ്ഞാറൻ ബംഗാൾ ഉൾകടലിൽ തമിഴ്നാട് ആന്ധ്രാ തീരത്തിനു അകലെയായി ന്യൂനമർദ്ദം രൂപപ്പെട്ടിട്ടുമുണ്ട്. വടക്ക് കിഴക്ക് ദിശയിൽ സഞ്ചരിക്കുന്ന ന്യൂനമർദ്ദം വെള്ളിയാഴ്ച രാവിലെയോടെ മധ്യ ബംഗാൾ ഉൾക്കടലിൽ തീവ്ര ന്യൂനമർദ്ദമായി ശക്തിപ്രാപിക്കാൻ സാധ്യതയുണ്ട്. തുടർന്ന് വടക്കുകിഴക്ക് ദിശയിൽ സഞ്ചരിച്ച് വീണ്ടും ശക്തി പ്രാപിച്ച് വടക്കുകിഴക്കൻ ബംഗാൾ ഉൾക്കടലിൽ എത്തിച്ചേരാൻ സാധ്യതയുണ്ടെന്നും കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. ശക്തമായ കാറ്റും മോശം കാലാവസ്ഥയും പ്രതീക്ഷിക്കുന്നതിനാൽ ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നത് വരെ കേരള തീരത്ത് നിന്ന് കടലിൽ പോകാൻ പാടില്ലെന്നും മുന്നറിയിപ്പ് മത്സ്യത്തൊഴിലാളികൾ കർശനമായി പാലിക്കണമെന്നും അറിയിപ്പിൽ പറയുന്നു.

കേരള തീരത്ത് വിഴിഞ്ഞം മുതൽ കാസർഗോഡ് വരെ വ്യാഴാഴ്ച രാത്രി 11.30 വരെ 0.4 മുതൽ 3.3 മീറ്റർ വരെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ട്. സെക്കൻഡിൽ 18 രാനും 82 രാ നും ഇടയിൽ വേഗത്തിൽ ഇത് മാറിവരുവാൻ സാധ്യതയുണ്ട്. തെക്കൻ തമിഴ്നാട് തീരത്ത് കുളച്ചൽ മുതൽ കിലക്കരെ വരെ വ്യാഴാഴ്ച രാത്രി 11.30 വരെ 0.6 മുതൽ 3.9 മീറ്റർ വരെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ട്. സെക്കൻഡിൽ 22 സെന്റീമീറ്ററിനും നും 83 സെന്റിമീറ്ററിനും ഇടയിൽ ഇത് മാറിവരാൻ സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു. താഴെപ്പറയുന്ന മുന്നറിയിപ്പുകൾ ശ്രദ്ധിക്കണം.

# മുല്ലൂർ ശാന്തകുമാരി വധക്കേസ്: പ്രതികൾക്ക് വധശിക്ഷ

തിരുവനന്തപുരം: വിഴിഞ്ഞം മുല്ലൂർ ശാന്തകുമാരി വധക്കേസ് പ്രതികൾക്ക് വധശിക്ഷ. കോവളം സ്വദേശി റഫീഖാ ബീവി, മകൻ ഷഫീഖ്, കൂടെ താമസിച്ചിരുന്ന അൽ അമീൻ എന്നിവർക്കാണ് വധശിക്ഷ. നെയ്യാറ്റിൻകര അഡീഷണൽ സെഷൻസ് കോടതിയാണ് വിധി പറഞ്ഞത്.

കേസിലെ മൂന്ന് പ്രതികളും കുറ്റക്കാരാണെന്ന് കോടതി കണ്ടെത്തിയിരുന്നു. പ്രതികൾക്കെതിരേ ചുമത്തിയ കൊലപാതകം, ഗൂഢാലോചന, കവർച്ച, തെളിവു നശിപ്പിക്കൽ എന്നീ എല്ലാ വകുപ്പകളും സംശയാതീതമായി തെളിയിക്കാൻ പ്രോസിക്യൂഷനായി. 2022 ജനുവരി 14നാണ് മുല്ലൂർ സ്വദേശി ശാന്തകുമാരി(71) കൊല്ലപ്പെട്ടത്. സ്വർണാഭരണങ്ങൾ കവർന്നശേഷം ശാന്തകുമാരിയെ കൊലപ്പെടുത്തി വീടിൻറെ മച്ചിൽ ഒളിപ്പിച്ച് കടന്നുകളഞ്ഞെന്നാണ് കേസ്. വാടകവീട് ഒഴിയുന്ന ദിവസം ഉച്ചയ്ക്ക് പ്രതികൾ ശാന്തകുമാരിയെ വീട്ടിലേക്ക് വിളിച്ചുവരുത്തി തലയ്ക്കടിച്ച് കൊലപ്പെടുത്തുകയായിരുന്നു. സ്വർണം കവർന്ന ശേഷം മൃതദേഹം മച്ചിൽ ഒളിപ്പിച്ച പ്രതികൾ കടന്നുകളയുകയായിരുന്നു. രാത്രിയിൽ വീട്ടുടമസ്ഥരാണ് ശാന്താകുമാരിയുടെ മൃതദേഹം കണ്ടെത്തിയത്.



*സിഎംഎഫ്ആർഐ നടത്തിയ ഏകദിന സമുദ്ര ജൈവവൈവിധ്യ പഠന സർവേയിൽ കൊല്ലം ശക്തികുളങ്ങര ഹാർബറിലെത്തിയ മീനുകളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന ഗവേഷർ.*

## അന്താരാഷ്ട്ര ജൈവവൈവിധ്യ ദിനം

# സമുദ്ര ജൈവവൈവിധ്യം വിലയിരുത്താൻ സിഎംഎഫ്ആർഐ ഏകദിന സർവേ നടത്തി

### കേരളത്തിലെ 26 പ്രധാന ഹാർബറുകളിൽ ഒരു ദിവസം എത്തിയത് 468 ഇനം മീനുകൾ

കൊച്ചി: അന്താരാഷ്ട്ര ജൈവവൈവിധ്യ ദിനാഘോഷത്തിന്റെ ഭാഗമായി, കേരളത്തിലെ സമുദ്രജൈവവൈവിധ്യത്തെ മനസ്സിലാക്കാൻ ഏകദിന പഠന സർവേ നടത്തി കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ).

സിഎംഎഫ്ആർഐയിലെ മറൈൻ ബയോഡൈവേഴ്സിറ്റി ആന്റ് എൻവയൺമെന്റ് മാനേജ്മെന്റ് ഡിവിഷനിലെ 55 പേരടങ്ങുന്ന വിദഗ്ധരുടെ വിവിധ സംഘങ്ങളാണ് ഒരേ സമയം രാവിലെ അഞ്ച് മുതൽ ഉച്ചക്ക് 12 വരെ കാസർകോട് മുതൽ വിഴിഞ്ഞം വരെയുള്ള 26 ഹാർബറുകളിൽ മത്സ്യചെമ്മീൻഞണ്ട്കക്ക വർഗയിനങ്ങളുടെ വിശദമായ അവലോകനം നടത്തിയത്. പ്രാഥമിക വിലയിരുത്തലിൽ, വിവിധ ഹാർബറുകളിൽ നിന്നായി മൊത്തം 468 ഇനം മീനുകളെ പിടിച്ചതായി ഗവേഷകർ കണ്ടെത്തി. കേരളത്തോട് ചേർന്ന സമുദ്രഭാഗങ്ങളിൽ വസിക്കുന്ന മത്സ്യയിനങ്ങളുടെ വൈവിധ്യമാണ് ഇത് കാണിക്കുന്നത്.

അയല, മത്തി, കൊഴുവ, ചെമ്മീൻ, കൂന്തൽ തുടങ്ങിയ മീനുകളുമാണ് പിടിച്ചവയിൽ ഏറ്റവും കൂടുതലുള്ളത്. ആഴക്കടൽ മത്സ്യങ്ങളായ വിവിധയിനം സ്രാവുകളും മറ്റ് അടിത്തട്ട് മത്സ്യയിനങ്ങളും പിടിച്ചെടുത്തത് സർവേയിൽ കണ്ടെത്തി. മാത്രമല്ല, മുമ്പ് രേഖപ്പെടുത്താത്ത, ഏഴ് ഇനം പുതിയ മീനുകളെ ഒരു ദിവസത്തെ പഠനസർവേയിൽ ഗവേഷകർക്ക് കണ്ടെത്താനായി. കൂടുതൽ പഠനം ഇതുമായി ബന്ധപ്പെട്ട് നടത്തേണ്ടതുണ്ടെന്ന് ഗവേഷകർ പറയുന്നു.

സമുദ്രവിഭവങ്ങൾ ഭാവി തലമുറക്കായി സംരക്ഷിക്കുന്നതിനുള്ള സുസ്ഥിര പരിപാലന രീതികൾക്ക് ഏറെ പ്രയോജനകരമാണ് സർവയിലെ കണ്ടെത്തലുകളെന്ന് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ എ ഗോപാലകൃഷ്ണൻ പറഞ്ഞു. കേരളത്തിലെ സമുദ്ര ജൈവവൈവിധ്യത്തെ കുറിച്ചുള്ള പഠനത്തിന് വലിയ മുതൽക്കൂട്ടാകുന്നതാണ് ഈ സർവേ. സമുദ്രജീവികളുടെ ലഭ്യതയും സമൃദ്ധിയും മനസ്സിലാക്കാൻ ഇത് ഉപകരിക്കും.സിഎംഎഫ്ആർഐയിലെ മറൈൻ ബയോഡൈവേഴ്സിറ്റി ആന്റ് എൻവയൺമെന്റ് മാനേജ്മെന്റ് ഡിവിഷനിലെ ശാസ്ത്രജ്ഞർ, സാങ്കേതിക ഉദ്യോഗസ്ഥർ, ഗവേഷകർ, വിദ്യാർഥികൾ എന്നിവരടങ്ങുന്നതാണ് സർവേ സംഘം.



# ഡിജിറ്റൽ തെളിവ് സൂക്ഷിക്കുന്നതിൽ സർക്കുലർ വേണം; ഉപഹർജിയുമായി സർക്കാർ ഹൈക്കോടതിയിൽ

കൊച്ചി: കൊച്ചിയിൽ നടി ആക്രമിക്കപ്പെട്ട സംഭവത്തിലെ മെമ്മറി കാർഡ് കേസിൽ ഉപഹർജിയുമായി സർക്കാർ ഹൈക്കോടതിയിൽ. ഡിജിറ്റൽ തെളിവ് സൂക്ഷിക്കുന്നതിൽ സർക്കുലർ വേണമെന്നാണ് ആവശ്യം. അതിജീവിതയുടെ ഹർജിയിലാണ് സർക്കാർ ഉപഹർജി ഫയൽ ചെയ്തിരിക്കുന്നത്.

മെമ്മറി കാർഡ് കേസിൽ ഹൈക്കോടതി മാർഗ നിർദേശങ്ങൾ നൽകിയിട്ടുണ്ട്. ഈ നിർദേശങ്ങൾ സർക്കുലറായി കീഴ്ക്കോടതികൾക്ക് നൽകണം. സർക്കുലർ സെഷൻസ്, മജിസ്ട്രേറ്റ് കോടതികൾക്ക് ബാധകമാക്കണം. സർക്കുലർ പുറപ്പെടുവിക്കാൻ ഹൈക്കോടതി രജിസ്ട്രിക്ക് നിർദേശം നൽകണമെന്നും ഉപഹർജിയിലുണ്ട്.

നേരത്തെ മെമ്മറി കാർഡ് കേസിലാണ് ഹൈക്കോടതി മാർഗനിർദേശങ്ങൾ നൽകിയത്. നടിയെ ആക്രമിച്ച കേസിലെ മെമ്മറി കാർഡ് പരിശോധിച്ചതിൽ എറണാകുളം സെഷൻസ് ജഡ്ജി വസ്തുതാ അന്വേഷണം നടത്താൻ ഹൈക്കോടതി ഉത്തരവിട്ടിരുന്നു. ഇതിനൊപ്പമാണ് ഡിജിറ്റൽ തെളിവുകൾ സൂക്ഷിക്കാനുള്ള മാർഗ നിർദേശങ്ങളും കോടതി പുറപ്പെടുവിച്ചത്.

ലൈംഗിക കുറ്റകൃത്യങ്ങളുടെ ഡിജിറ്റൽ തെളിവുകൾ ആർക്കും നൽകരുത്. ദൃശ്യങ്ങളുടെ പകർപ്പ് പ്രതികൾക്ക് നൽകുന്നതിനും വിലക്കുണ്ട്. ദൃശ്യങ്ങൾ പരിശോധിക്കുന്നത് കോടതി ഉത്തരവ് പ്രകാരം മാത്രമാകണം. വിദഗ്ധ സാന്നിധ്യത്തിൽ മാത്രമാകണം ദൃശ്യങ്ങളുടെ പരിശോധന. ദൃശ്യ പരിശോധനയുടെ നടപടിക്രമങ്ങളും പരിശോധനാ സമയവും തീയതിയും പരിശോധിച്ച വ്യക്തികൾ ആരൊക്കെയെന്നും രജിസ്റ്ററിൽ രേഖപ്പെടുത്തണം.

അവശ്യഘട്ടത്തിൽ മാത്രമാണ് ഡിജിറ്റൽ തെളിവുകളുടെ പരിശോധനയ്ക്ക് അനുമതി. നടപടിക്രമങ്ങൾ പൂർത്തിയായ ശേഷം തെളിവുകൾ നശിപ്പിക്കാം. നശിപ്പിച്ചതിൻറെ റിപ്പോർട്ട് അഥോറിറ്റി കോടതിക്ക് നൽകണം. ദൃശ്യങ്ങൾ നശിപ്പിക്കുന്നതിനും ഹൈക്കോടതി മാർഗ നിർദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

# മഴ: പകർച്ചവ്യാധി പ്രതിരോധം: സ്റ്റേറ്റ് കൺട്രോൾ റൂം ആരംഭിച്ചു

തിരുവനന്തപുരം: സംസ്ഥാനത്ത് ശക്തമായ മഴയുടെ സാഹചര്യത്തിൽ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിന്റെ ഭാഗമായി ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ സ്റ്റേറ്റ് കൺട്രോൾ റൂം ആരംഭിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. പകർച്ചവ്യാധി പ്രതിരോധത്തിന് ആരോഗ്യ വകുപ്പ് സ്റ്റേറ്റ് ലെവൽ റാപ്പിഡ് റെസ്പോൺസ് ടീം (ആർആർടി) രൂപീകരിച്ചിരുന്നു. ആരോഗ്യ വകുപ്പ് മന്ത്രി ചെയർപേഴ്സണും പ്രിൻസിപ്പൽ സെക്രട്ടറി കോ ചെയർമാനുമായ ആർആർടിയിൽ 25 അംഗങ്ങളാണുള്ളത്. ഇത് കൂടാതെയാണ് ആരോഗ്യ വകുപ്പിന് കീഴിലുള്ള പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും ജനങ്ങൾക്കും ആരോഗ്യ പ്രവർത്തകർക്കുമുള്ള സംശയങ്ങൾ ദൂരീകരിക്കുന്നതിനുമായി സ്റ്റേറ്റ് കൺട്രോൾ റൂം ആരംഭിച്ചതെന്നും മന്ത്രി വ്യക്തമാക്കി.

ആരോഗ്യ പ്രവർത്തകർക്ക് കൺട്രോൾ റൂം നമ്പരിലേക്കും പൊതുജനങ്ങൾക്ക് ഡോക്ടർമാരുടെ പാനലുൾപ്പെട്ട ദിശ കോൾ സെന്ററിലെ നമ്പരിലേക്കും വിളിക്കാവുന്നതാണ്. സംശയ നിവാരണത്തിനായി കൺട്രോൾ റൂമിലെ 04712302160, 9946102865, 9946102862 എന്നീ നമ്പരുകളിൽ വിളിക്കാവുന്നതാണ്. പകർച്ചവ്യാധി പ്രതിരോധ ഏകോപനം, ഡേറ്റാ മാനേജ്മെന്റ്, ആശുപത്രി സേവനങ്ങൾ, മരുന്ന് ലഭ്യത, പ്രോട്ടോകോളുകൾ, സംശയ നിവാരണം എന്നിവയാണ് കൺട്രോൾ റൂമിലൂടെ നിർവഹിക്കുന്നത്.

പൊതുജനങ്ങൾക്ക് ആരോഗ്യ സംബന്ധമായ എല്ലാ സംശയങ്ങളും ഡോക്ടർമാരുടെ പാനലുള്ള ദിശ കോൾ സെന്റർ വഴി ചോദിക്കാവുന്നതാണ്. 104, 1056, 0471 2552056, 2551056 എന്നീ നമ്പരുകളിൽ ദിശയുടെ സേവനങ്ങൾ 24 മണിക്കൂറും ലഭ്യമാണ്. ഇതുകൂടാതെ ഇസഞ്ജീവനി ഡോക്ടർമാരുടെ സേവനവും ലഭ്യമാണ്. മുൻകരുതലുകൾ, കഴിക്കുന്ന മരുന്നുകളെപ്പറ്റിയുള്ള സംശയം, ഏതൊക്കെ ഭക്ഷണം കഴിക്കാം, പരിശോധനാ ഫലത്തെപ്പറ്റിയുള്ള സംശയം, മാനസിക പിന്തുണ, രോഗ പ്രതിരോഘം തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് സംസാരിക്കാവുന്നതാണ്. അതുമായി ബന്ധപ്പെട്ട വിദഗ്ധ ഡോക്ടർമാർക്ക് ഫോൺ കൈമാറുന്നതാണ്.

## ക്വാറിയിലേക്ക് കാൽ തെന്നി വീണ് സഹോദരങ്ങളുടെ മക്കൾ മരിച്ചു

പാലക്കാട്: ക്വാറിയിലേക്ക് കാൽ തെന്നിവീണ് രണ്ട് പേർ മരിച്ചു. മേഘജ് (18), അഭയ് (21) എന്നിവരാണ് മരിച്ചത്. സഹോദരങ്ങളുടെ മക്കളാണ് ഇവർ.

ബുധനാഴ്ച രാത്രിയാണ് അപകടമുണ്ടായത്. ഇരുവരും സംസാരിച്ചുകൊണ്ട് നടക്കുന്നതിനിടെ മേഘജിൻറെ കാൽ വഴുതി ക്വാറിയിലേക്ക് വീഴുകയായിരുന്നു. തുടർന്ന് മേഘജിനെ രക്ഷിക്കാൻ ശ്രമിക്കുന്നതിനിടെയാണ് അഭയും അപകടത്തിൽപ്പെട്ടത്.

പുലാപ്പറ്റ എംഎൻകെഎം സ്കൂളിൽ നിന്നും ഈ വർഷം പ്ലസ് ടു കഴിഞ്ഞ വിദ്യാർഥിയാണ് മേഘജ്. നെഹ്റു കോളജ് രണ്ടാം വർഷ ഡിഗ്രി വിദ്യാർഥിയാണ് അഭയ്.

# സാമൂഹ്യ മാധ്യമങ്ങൾ വഴി പാർട്ട് ടൈം ജോലി തട്ടിപ്പ്; നാലുപേർക്കു നഷ്ടമായത് വൻ തുക

കണ്ണൂർ: വാട്സ് ആപ്, ടെലിഗ്രാം തുടങ്ങിയ സാമൂഹ്യ മാധ്യമങ്ങൾ വഴി പാർട്ട് ടൈം ജോലി ചെയ്ത് പണം സമ്പാദിക്കാമെന്ന വാഗ്ദാനത്തിൽ വിശ്വസിച്ച് പണം കൈമാറിയ നാലു പേർക്ക് വൻ തുക നഷ്ടമായി. തലശേരി സ്വദേശിക്ക് 1,57,70, 000 രൂപയാണ് നഷ്ടമായത്. മറ്റു മൂന്നുപേർക്ക് യഥാക്രമം 9,45,151 രൂപ, 6,04,894 രൂപ, 17,998 രൂപ എന്നിങ്ങനെ നഷ്ടമായതായി പരാതിയിൽ പറയുന്നു.

സാമൂഹ്യ മാധ്യമങ്ങൾ വഴി ആകർഷകമായ പരസ്യങ്ങൾ നല്കിയാണ് തട്ടിപ്പ്. പരസ്യം കണ്ട് പണം നിക്ഷേപിക്കുന്നവർക്ക് കൂടുതൽ ലാഭം നല്കാമെന്ന് പറഞ്ഞു വിശ്വസിപ്പിക്കും. പണം നല്കി അവർ നൽകുന്ന ഓരോ ടാസ്ക് പൂർത്തീകരിച്ചാൽ ലാഭത്തോടുകൂടി പണം തിരികെ നല്കുമെന്നാണ് തട്ടിപ്പുകാർ വാഗ്ദാനം ചെയ്യുന്നത്. തുടക്കത്തിൽ ടാസ്ക് പൂർത്തീകരിച്ചാൽ നല്കിയ പണം ലാഭത്തോടെ തിരിച്ചു നൽകി വിശ്വാസം നേടിയെടുക്കും.

ഇതുപോലെ മൂന്നു നാല് ടാസ്ക്കുകൾ കഴിയുന്നത് വരെ പണം തിരികെ ലഭിക്കും. പിന്നീട് ടാസ്ക് ചെയ്യുന്നതിനായി കൂടുതൽ പണം ആവശ്യപ്പെടുകയും ഒരു ആപ്ലിക്കേഷൻ ഇൻസ്റ്റാൾ ചെയ്യിപ്പിക്കുകയും ആപ്ലിക്കേഷനിൽ പണം ക്രെഡിറ്റാകുമെന്ന് പറഞ്ഞ് വിശ്വസിപ്പിക്കുകയും ചെയ്യും.

ആപ്ലിക്കേഷനിൽ പണം ക്രെഡിറ്റാകുന്നത് കാണിക്കും എന്നല്ലാതെ അത് പിൻവലിക്കാൻ പറ്റുകയില്ല. പിൻവലിക്കുന്നതിന് ടാക്സ് അടയ്ക്കണമെന്നും അതിനുവേണ്ടി പണം ആവശ്യമാണെന്നും ഇത്തരത്തിൽ പല കാരണങ്ങൾ പറഞ്ഞ് കൂടുതൽ പണം ആവശ്യപ്പെടുന്നതല്ലാതെ പിന്നീട് പണം തിരികെ ലഭിക്കുകയില്ല. ഇതോടെയാണ് പലർക്കും ഇതൊരു തട്ടിപ്പാണെന്ന് മനസിലാകുന്നത്. അപ്പോഴേക്കും വലിയ തുക തട്ടിപ്പുകാരുടെ കൈകളിൽ എത്തുകയും ചെയ്യും.

# എസ്.എസ്.എൽ.സി.ക്ക് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ ജിവി രാജ സ്കൂൾ വിദ്യാർഥികളെ അനുമോദിച്ചു

തിരുവനന്തപുരം ജി വി രാജ സ്പോർട്സ് സ്കൂളിൽ നിന്ന് എസ്എസ്എൽസി പരീക്ഷയിൽ എല്ലാ വിഷയത്തിലും എ പ്ലസ് നേടിയ കുട്ടികളെ കായിക മന്ത്രി വി. അബ്ദുറഹിമാൻ അനുമോദിച്ചു. സ്കൂളിലെ അഞ്ചു പെൺകുട്ടികൾക്കും നാല് ആൺകുട്ടികൾക്കുമാണ് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ലഭിച്ചത്. വിദ്യാർഥികളുടെ നേട്ടം ഏറെ അഭിമാനവും സന്തോഷവും പകരുന്നതാണെന്നും കഴിഞ്ഞ 9 വർഷത്തിനിടെ ആദ്യമായാണ് മുഴുവൻ വിഷയത്തിലും എ പ്ലസ് എന്ന നേട്ടം സ്കൂളിന് കൈവരുന്നതെന്നും വിദ്യാർഥികളെ അനുമോദിച്ചു മന്ത്രി പറഞ്ഞു.ജി വി രാജ സ്പോർട്സ് സ്കൂളിൽ സംസ്ഥാന നടത്തിയ പരിഷ്ക്കരണ നടപടികളുടെ ഫലമാണ് നേട്ടങ്ങളെന്നു മന്ത്രി പറഞ്ഞു. സ്പോർട്സ് സ്കൂളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതായിരുന്നു ആദ്യപടി. അതിനായി 30 കോടി രൂപയുടെ നിർമാണ പ്രവർത്തനങ്ങൾ നടപ്പാക്കി. ഫുട്ബോൾ ഗ്രൗണ്ട്, സിന്തറ്റിക് ട്രാക്ക്, ഹോക്കി ടർഫ്, ഫിറ്റ്നസ് സെന്റർ, വോളിബോൾ, ബാസ്ക്കറ്റബോൾ കോർട്ടുകൾ എന്നിവ സജ്ജമാക്കി. അക്കാദമികരംഗത്ത് പിന്നോക്കമാണെന്ന പരാതി പരിഹരിക്കുന്നതിനായി മെച്ചപ്പെട്ട പഠനസൗകര്യങ്ങളും ഹൈടെക് ക്ലാസ് മുറികളും ഒരുക്കി. മികച്ച അധ്യാപകരെ ലഭ്യമാക്കി. കായിക പരിശീലനവും മത്സരങ്ങളും കാരണം കുട്ടികൾക്ക് നിരവധി ക്ലാസുകൾ നഷ്ടമായിരുന്നു. നഷ്ടമായ ക്ലാസുകളുടെ കുറവ് നികത്താൻ ഈവനിങ് ക്ലാസുകൾ നടത്തി. ഹോസ്റ്റലിലെ വാർഡന്മാരെ നിയമിക്കുന്നതിന് ബിഎഡ് യോഗ്യത നിർബന്ധമാക്കി. ഇതു കുട്ടികളെ പഠനത്തിൽ സഹായിച്ചു.

ജി വി രാജ സ്കൂൾ കൂടുതൽ വികസന പ്രവർത്തനങ്ങൾക്കായി ഒരുങ്ങുകയാണ്. പുതുതായി സ്കൂളിന് ലഭ്യമായ ഭൂമിയിൽ ഹോസ്റ്റലും കളിക്കളങ്ങളും ഒരുക്കും. ഫുട്ബോൾ പരിശീലനത്തിന് ലോകോത്തര ക്ലബായ എസി മിലാനുമായി സഹകരിക്കുന്നു. മറ്റിനങ്ങളിലും മികച്ച പരിശീലകരെ ലഭ്യമാക്കും. കളിയും ഒപ്പം പഠനവും കൂടുതൽ നിലവാരത്തോടെ മുന്നോട്ടു കൊണ്ടുപോകും. സ്പോർട്സ് സ്കൂളിന് അടുത്ത വർഷം മുതൽ പ്രത്യേക സിലബസ് ആരംഭിക്കാനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. ജി വി രാജയെ രാജ്യത്തെ ഏറ്റവും മികച്ച സ്പോർട്സ് സ്കൂളാക്കുന്നതിനുള്ള നടപടികൾ അതിവേഗം പുരോഗമിക്കുകയാണെന്നും മന്ത്രി പറഞ്ഞു.

# സുപ്രീം കോടതി ഇടപെടാൻ വിസമ്മതിച്ചു; ഇടക്കാല ജാമ്യഹർജി പിൻവലിച്ച് ഹേമന്ത് സോറൻ

ന്യൂഡൽഹി: ജാർഖണ്ഡ് മുൻ മുഖ്യമന്ത്രി ഹേമന്ത് സോറൻ സുപ്രീം കോടതിയിൽ സമർപ്പിച്ച ഇടക്കാല ജാമ്യാപേക്ഷ പിൻവലിച്ചു. ഭൂമി കുംഭകോണവുമായി ബന്ധപ്പെട്ട കള്ളപ്പണം വെളുപ്പിക്കൽ കേസിലെ ഇഡി അറസ്റ്റിനെതിരെയാണ് ഹേമന്ത് സോറൻ ജാമ്യാപേക്ഷ സമർപ്പിച്ചിരുന്നത്.

എന്നാൽ കേസിലെ സുപ്രധാന വസ്തുതകൾ മറച്ചുവെച്ചെന്ന കാരണത്താൽ ജാമ്യാപേക്ഷ പരിഗണിക്കാൻ കോടതി വിസമ്മതിച്ചു. ഇഡി സമർപ്പിച്ച കുറ്റപത്രം ജാർഖണ്ഡിലെ പ്രത്യേക കോടതി പരിഗണിച്ചത് ജാമ്യാപേക്ഷയിൽ സൂചിപ്പിച്ചിട്ടില്ലെന്ന് കാട്ടിയാണ് സുപ്രീം കോടതി നിലപാടെടുത്തത്.

ഹർജി സ്വീകരിച്ചാൽ ജാമ്യപേക്ഷ തള്ളുമെന്ന് സുപ്രീം കോടതി അറിയിച്ചു. ഇതിനെത്തുടർന്ന് സോറൻറെ അഭിഭാഷകൻ കപിൽ സിബൽ ജാമ്യാപേക്ഷ പിൻവലിക്കുന്നതായി കോടതിയെ അറിയിക്കുകയായിരുന്നു.

ലോക്സഭാ തെരഞ്ഞെടുപ്പിൻറെ പ്രചാരണത്തിനായി ഇടക്കാല ജാമ്യം അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് ഹേമന്ത് സോറൻ സുപ്രീം കോടതിയെ സമീപിച്ചത്. എന്നാൽ ഇഡി ഇതിനെ ശക്തമായി എതിർത്തു. ഉയർന്ന സ്വാധീനമുള്ളയാളാണ് സോറനെന്നും സർക്കാർ സംവിധാനങ്ങളെ ദുരുപയോഗം ചെയ്തുകൊണ്ട് അന്വേഷണം അട്ടിമറിക്കാനും കുറ്റകൃത്യത്തിൻറെ വ്യാപ്തി കുറച്ച് കാണിക്കാനും ഹർജിക്കാരൻറെ ഭാഗത്ത് നിന്നും സജീവമായ ശ്രമം നടക്കുന്നുണ്ടെന്ന് ഇഡി വാദിച്ചു.

ഭൂമി കുംഭകോണവുമായി ബന്ധപ്പെട്ട കള്ളപ്പണം വെളുപ്പിക്കൽ കേസിൽ ജനുവരി 31 നാണ് ഹേമന്ത് സോറനെ ഇഡി അറസ്റ്റ് ചെയ്തത്. 2023ൽ ലാൻഡ് റവന്യൂ ഇൻസ്പെക്ടറായിരുന്ന ഭാനു പ്രതാപ് പ്രസാദിൻറെ അറസ്റ്റാണ് സോറനെതിരെയുള്ള കേസിൻറെ തുടക്കം. ഇയാളിൽ നിന്ന് നിരവധി ഭൂരേഖകൾ കണ്ടെടുത്തിരുന്നു. സോറൻ അനധികൃതമായി കൈവശം വച്ചിരുന്നതായി ആരോപിക്കപ്പെടുന്ന 8.36 ഏക്കർ ഭൂമിയുടെ ചിത്രവും ഭാനു പ്രതാപിൻറെ ഫോണിലുണ്ടായിരുന്നു.

# അപകടഭീഷണിയുയർത്തി മുട്ടം സ്റ്റാൻഡിലെ മരങ്ങൾ

മുട്ടം: ടാക്സി സ്റ്റാൻഡിലുള്ള മരങ്ങൾ അപകടഭീഷണി ഉയർത്തുന്നതായി പരാതി. പടർന്ന് പന്തലിച്ച് അപകടാവസ്ഥയിൽ നിരവധി മരങ്ങളാണ് ടാക്സി സ്റ്റാൻഡിന് ചുറ്റിലും നിൽക്കുന്നത്. ചെറിയ കാറ്റടിച്ചാൽ പോലും ശിഖരങ്ങൾ ഒടിഞ്ഞുവീഴുന്നത് നിത്യസംഭവമാണ്. ഓട്ടോ ഉൾപ്പടെ നൂറോളം ടാക്സി വാഹനങ്ങളാണ് എല്ലാ ദിവസവും ഇവിടേയ്ക്ക് എത്തുന്നത്. വലിയ മരങ്ങളുള്ള സ്റ്റാൻഡിൽ ഏറെ ഭയത്തോടെയാണ് വാഹനങ്ങൾ പാർക്ക് ചെയ്യുന്നതെന്നു വാഹന ഉടമകളും ഡ്രൈവർമാരും പറയുന്നു.ഈരാറ്റുപേട്ട, പാലാ ഭാഗങ്ങളിലേക്കുള്ള യാത്രക്കാർ ബസ് കാത്ത് നിൽക്കുന്നത് ടാക്സി സ്റ്റാൻഡിലുള്ള വെയ്റ്റിംഗ് ഷെഡിലാണ്. ഇതിൻറെ പരിസരത്തും നിരവധി മരങ്ങളാണ് അപകടാവസ്ഥയിൽ നിൽക്കുന്നത്. വെയ്റ്റിംഗ് ഷെഡിന് സമീപത്തുള്ള വലിയ മരത്തിൻറെ ചുറ്റിലുമുള്ള തറയും പൊട്ടിപ്പൊളിഞ്ഞ നിലയിലാണ്.

മരങ്ങൾ ചുവടെ മുറിച്ച് നശിപ്പിക്കാതെ ശിഖരങ്ങൾ മാത്രം വെട്ടിമാറ്റി അപകടാവസ്ഥ പരിഹരിക്കാൻ പഞ്ചായത്ത് അധികൃതർ അടിയന്തര നടപടികൾ സ്വീകരിക്കണമെന്നാണ് ഓട്ടോ ടാക്സി തൊഴിലാളികൾ ആവശ്യപ്പെടുന്നത്. മരങ്ങളുടെ ശിഖരങ്ങൾ മുറിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് പ്രസിഡൻറ് ഷേർളി അഗസ്റ്റിൻ പറഞ്ഞു.

## കിറ്റ്സിൽ എം.ബി.എ സ്പോട്ട് അഡ്മിഷൻ

സംസ്ഥാന ടൂറിസം വകുപ്പിന്റെ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടായ കിറ്റ്സിൽ എം.ബി.എ (ട്രാവൽ ആൻഡ് ടൂറിസം) കോഴ്സിന് സ്പോട്ട് അഡ്മിഷൻ തൈക്കാട് കിറ്റ്സിന്റെ ആസ്ഥാനത്ത് മേയ് 25ന് രാവിലെ 10 മുതൽ നടത്തും. അംഗീകൃത സർവ്വകലാശാലയിൽ നിന്ന് ഏതെങ്കിലും വിഷയത്തിൽ 50 ശതമാനം മാർക്കോടു കൂടിയ ഡിഗ്രിയും KMAT / CMAT യോഗ്യതയും ഉള്ളവർക്കും അവസാന വർഷ ഡിഗ്രി വിദ്യാർഥികൾക്കും പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക്: 9446529467,

## നിപ്മറിൽ ഒക്യുപേഷണൽ തെറാപ്പി ബിരുദ കോഴ്സ് : ജൂൺ 15നു മുൻപായി അപേക്ഷിക്കാം

സംസ്ഥാന സാമൂഹ്യനീതി വകുപ്പിന് കീഴിൽ ഇരിങ്ങാലക്കുടയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റിഹാബിലിറ്റേഷൻ നിപ്മറിൽ ഒക്യുപേഷണൽ തെറാപ്പി ബിരുദ കോഴ്സിന് അപേക്ഷ ക്ഷണിച്ചു. നാലരവർഷ കാലാവധിയുള്ള കോഴ്സിന് ജൂൺ 15 വരെ അപേക്ഷ സമർപ്പിക്കാം. പ്ലസ് ടു സയൻസ് അൻപത് ശതമാനം മാർക്കോടെ പാസ്സായ എല്ലാ വിദ്യാർത്ഥികൾക്കും എൽ ബി എസ്സിന്റെ പാരാമെഡിക്കൽ ബിരുദ കോഴ്സുകളിലേയ്ക്കുള്ള രജിസ്ട്രേഷൻ പോർട്ടൽ വഴി അപേക്ഷിക്കാം. രാജ്യത്തിനകത്തും പുറത്തും ധാരാളം ജോലി സാധ്യതകളുള്ള ഒക്യുപ്പേഷണൽ തെറാപ്പി ബിരുദ കോഴ്സ് കേരള ആരോഗ്യ സർവ്വകലാശാലയുടെ അഫിലിയേഷനോടേയും ഓൾ ഇന്ത്യ ഒക്യുപേഷണൽ തെറാപ്പി അസോസിയേഷന്റെ (AIOTA) അംഗീകാരത്തോടേയുമാണ് നടത്തുന്നത്. അപേക്ഷാ ഫീസ് ജൂൺ 12 വരെ അടയ്ക്കാം. ജൂൺ 15 ആണ് അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി. കൂടുതൽ വിവരങ്ങൾക്ക് www.lbscetnre.kerala.gov.in വെബ്സൈറ്റ് സന്ദർശിക്കാം. കൂടാതെ വിശദ വിവരങ്ങൾക്ക് 9288008975.

## എൻട്രൻസ് കോച്ചിങ് ഗ്രാന്റിന് അപേക്ഷ ക്ഷണിച്ചു

2024 25 ലെ അധ്യയന വർഷത്തെ എൻട്രൻസ് കോച്ചിങ് ഗ്രാന്റിന് അർഹരായ വിമുക്തഭടന്മാരുടെ മക്കളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ഓഗസ്റ്റ് 15. കൂടുതൽ വിവരങ്ങൾക്ക് അതാത് ജില്ലാ സൈനികക്ഷേമ ഓഫീസുമായി ബന്ധപ്പെടണം.

## ഐ.എച്ച്.ആർ.ഡി കോളേജുകളിൽ ഡിഗ്രി ഓണേഴ്സ് പ്രവേശനം

ഐഎച്ച്ആർഡിക്കു കീഴിൽ മഹാത്മാ ഗാന്ധി സർവകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള അയിരൂർ ( 04735296833, 8547055105), കോന്നി (04682382280, 8547005074), മല്ലപ്പള്ളി (8547005033), 8547005075), കടുത്തുരുത്തി(04829264177, 8547005049), കാഞ്ഞിരപ്പള്ളി(04828206480, 8547005075) പയ്യപ്പാടി (8547005040), മറയൂർ (8547005072), നെടുങ്കണ്ടം (8547005067), പീരുമേട് ( 04869299373, 8547005041), തൊടുപുഴ (04862257447, 257811, 8547005047), പുത്തൻവേലിക്കര (04842487790, 8547005069) എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന 11 അപ്ലൈഡ് സയൻസ് കോളേജുകളിലേക്ക് 202425 അദ്ധ്യയന വർഷത്തിൽ ഡിഗ്രി ഓണേഴ്സ് പ്രോഗ്രാമുകളിൽ കോളേജുകൾക്ക് നേരിട്ട് അഡ്മിഷൻ നടത്താവുന്ന 50% സീറ്റുകളിൽ ഓൺലൈൻ വഴി പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. www.ihrdadmissions.org എന്ന വെബ് സൈറ്റ് വഴി ഓൺലൈനായി അപേക്ഷ സമർപ്പിക്കണം. ഓൺലൈനായി ടആക ഇീഹഹലരേ മുഖേന ഫീസ് അടയ്ക്കാം. ഓൺലൈനായി സമർപ്പിക്കുന്ന അപേക്ഷയുടെ പ്രിന്റ് ഔട്ട്, നിർദിഷ്ട അനുബന്ധങ്ങളും, 750 രൂപ (എസ്.സി ,എസ്.റ്റി 250 രൂപ) രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി അടച്ച വിവരങ്ങളും സഹിതം പ്രവേശനം ആഗ്രഹിക്കുന്ന കോളേജിൽ അഡ്മിഷൻ സമയത്ത് ഹാജരാക്കണം. വിശദ വിവരങ്ങൾക്ക്: www.ihrd.ac.in.

## വാഹനം വാടകയ്ക്ക്: ദർഘാസ് ക്ഷണിച്ചു

സംസ്ഥാനത്തെ മെന്റൽ ഹെൽത്ത് റിവ്യൂ ബോർഡുകളുടെ ഔദ്യോഗിക ആവശ്യങ്ങൾക്കായി വാഹനങ്ങൾ വാടകയ്ക്കെടുക്കുന്നതിന് ദർഘാസ് ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾക്ക്: www.ksmha.org, 0471 2472866.

# ടെക്നോപാർക്കിൽ സോഫ്റ്റ് വെയർ ടെസ്റ്റിംഗ് സമ്മേളനം

തിരുവനന്തപുരം: ടെക്നോപാർക്കിലെ ഐടി ജീവനക്കാരുടെ ക്ഷേമസംഘടനയായ പ്രതിധ്വനിയുടെ ടെക്നിക്കൽ ഫോറവും സോഫ്റ്റ് വെയർ കമ്പനിയായ ഡിസികെഎപി ക്യു എ ടച്ചും സംയുക്തമായി സോഫ്റ്റ് വെയർ ടെസ്റ്റിംഗുമായി ബന്ധപ്പെട്ട ഏകദിന സമ്മേളനം സംഘടിപ്പിച്ചു.

ടെക്നോപാർക്കിലെ ട്രാവൻകൂർ ഹാളിൽ 'സോഫ്റ്റ് വെയർ ടെസ്റ്റിംഗ് കോൺഫറൻസ്: ഗ്ലോബൽ ടെസ്റ്റേഴ്സ് സമ്മിറ്റ് 2024' എന്ന പേരിലാണ് സമ്മേളനം നടന്നത്.

പ്രശാന്ത് ഹെഗ്ഡെ (എഞ്ചിനീയറിംഗ് മാനേജർ, മോംഗേജ്), ഭവാനി .ആർ (പ്രൊഡക്റ്റ് മാനേജർ, ഡിസികെഎപി ക്യു എ ടച്ച് ), അനൂപ് എം പ്രസാദ് (അസോസിയേറ്റ് ഡയറക്ടർ, റിഫ്ളക്ഷൻസ്), ആനന്ദ് ജയറാം (അസോസിയേറ്റ് വൈസ് പ്രസിഡൻറ്, എൻവെസ്റ്റ് നെറ്റ്), ശിവറാം (സീനിയർ ഡയറക്ടർ പെർഫോമൻസ് എഞ്ചിനീയർ, ടെസ്റ്റ്ഹൗസ്), ബിനു ലക്ഷ്മി ജെ ആർ (എക്സിക്യൂട്ടീവ് ഡയറക്ടർ, എൻക്സൽ ബിസിനസ് സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ്) എന്നിവർ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകി.

35 കമ്പനികളിൽ നിന്നുള്ള 110 ലധികം ജീവനക്കാർ പരിപാടിയിൽ പങ്കെടുത്തു.ഐടി ജീവനക്കാരുടെ സാങ്കേതിക വൈദഗ്ധ്യം വർധിപ്പിക്കുന്നതിനും അവർക്കിടയിൽ പുതുമ സൃഷ്ടിക്കുന്നതിനും ജോലിയിൽ അനുയോജ്യരായ ആളുകളാണ് പ്രവേശിക്കുന്നതെന്ന് ഉറപ്പാക്കുന്നതിനുമായാണ് പ്രതിധ്വനി ടെക്നിക്കൽ ഫോറം (പിടിഎഫ്) രൂപീകരിച്ചത്.

ഐടി ജീവനക്കാരുടെ സാങ്കേതിക വൈദഗ്ധ്യം വർധിപ്പിക്കുന്നതിനുള്ള സാങ്കേതിക സെഷനുകൾ, വർക്ക് ഷോപ്പുകൾ, ഹാക്കത്തോണുകൾ തുടങ്ങിയവയും പ്രതിധ്വനി ടെക്നിക്കൽ ഫോറത്തിൻറെ നേതൃത്വത്തിൽ സംഘടിപ്പിക്കാറുണ്ട്.




*ടെക്നോപാർക്കിലെ ഐടി ജീവനക്കാരുടെ ക്ഷേമസംഘടനയായ പ്രതിധ്വനി സംഘടിപ്പിച്ച സോഫ്റ്റ് വെയർ ടെസ്റ്റിംഗിനെക്കുറിച്ചുള്ള ഏകദിന സമ്മേളനത്തിൽ നിന്ന്.*

# തോരാ മഴ, തീരാ ദുരിതം

തിരുവനന്തപുരം: ദിവസങ്ങളായി തുടരുന്ന വേനൽ മഴയിൽ ജില്ലയിൽ വ്യാപക ദുരിതം. കനത്ത മഴയിൽ വെള്ളക്കെട്ടിനൊപ്പം നിർമാണം പൂർത്തിയാകാത്ത റോഡുകൾ ചെളിക്കുളമായതോടെയാണ് കാൽനട യാത്രക്കാർ ഉൾപ്പടെയുള്ളവർ തീരാത്ത ദുരിതത്തിലായത്. തുടർച്ചയായ നാലാം ദിവസവും നഗരത്തിൽ കനത്ത മഴ തുടർന്നതോടെ താഴ്ന്ന പ്രദേശങ്ങളിലെല്ലാം വെള്ളം കയറി. ദിവസങ്ങളായി പെയ്യുന്ന മഴയിൽ മുട്ടത്തറ, അട്ടക്കുളങ്ങര, കിളിപ്പാലം, മണക്കാട് തുടങ്ങിയ പ്രദേശങ്ങളിൽ രൂപപ്പെട്ട വെള്ളക്കെട്ട് ഇതുവരെ മാറിയിട്ടില്ല. മുക്കോലയ്ക്കൽ, ആര്യൻകുഴി, വള്ളക്കടവ്, സംഗമം നഗർ, സെക്യുലാർ ഗാർഡൻ, മുട്ടത്തറ പരുത്തിക്കുഴി ബൈപാസ് തുടങ്ങിയ പ്രദേശങ്ങളിലും വെള്ളക്കെട്ടു രൂക്ഷമാണ്. പേട്ടയ്ക്കും ബൈപാസ് റോഡിനുമിടയിലുള്ള ഭാഗത്തും വെള്ളക്കെട്ട് മാറ്റമില്ലാതെ തുടരുകയാണ്.

ടെക്നോപ്പാർക്കിലെ സർവീസ് റോഡ്, അടിപ്പാലം, കോരാളം കുഴി, കഴക്കൂട്ടം തുടങ്ങിയ ഭാഗങ്ങളിലെ റോഡുകൾ വെള്ളത്തിൽ മുങ്ങി. തൈക്കാട് ആശുപത്രിക്കു മുന്നിലെ റോഡ് ചെളിക്കുളമായി മാറിയിട്ട് ആഴ്ചകളായി.

ഇന്നലെ ഉച്ചയോടെ മഴ അൽപനേരം മാറി നിന്നെങ്കിലും വീടുകളിലടക്കം കയറിയ വെള്ളം ഇറങ്ങുന്നതിനു മുൻപ് വീണ്ടും മഴയെത്തിയത് താഴ്ന്ന പ്രദേശങ്ങളിൽ താമസിക്കുന്ന ജനങ്ങളെ പൂർണമായി ദുരിതത്തിലാക്കിയിരിക്കുകയാണ് നഗരത്തിലെ പ്രധാന വാണിജ്യ കേന്ദ്രമായ ചാല മാർക്കറ്റ് വെള്ളത്തിൽ മുങ്ങിയിട്ട് ദിവസങ്ങളായി.

പല വ്യാപാര സ്ഥാപനങ്ങളിലും വെള്ളം കയറിയതോടെ കട തുറക്കാനാവാത്ത സ്ഥിതിയിലാണ് വ്യാപാരികൾ. സ്കൂൾ തുറക്കൽ വിപണി സജീവമാകുന്നതിനിടയിലാണ് അപ്രതീക്ഷിത മഴയും വെള്ളക്കെട്ടും വ്യാപാരികളെ ദുരിതത്തിലാക്കിയിരിക്കുന്നത്. വെള്ളക്കെട്ടിന് ശാശ്വത പരിഹാരം കാണണമെന്ന വ്യാപാരികളുടെ ആവശ്യത്തിൽ ഒരു നടപടിയും ഇതുവരെ ഉണ്ടാകാത്തതിൽ പ്രതിഷേധിച്ച് വ്യാപാരികൾ സമരത്തിലേക്കടക്കം നീങ്ങുമെന്നാണ് വ്യക്തമാക്കുന്നത്. മഴ ആരംഭിക്കുന്നതിനു മുന്നേ പൂർത്തിയാക്കേണ്ടിയിരുന്ന മഴക്കാല പൂർവ ശുചീകരണം തലസ്ഥാന നഗരത്തിൽ കൃത്യമായ രീതിയിൽ നടപ്പിലാക്കിയിട്ടില്ലെന്നും ഇതിനൊപ്പം ആസൂത്രണത്തിലെ പിഴവുമാണ് വെള്ളക്കെട്ടിന് കാരണമാകുന്നതെന്നാണ് വ്യാപാരികൾ പറയുന്നത്. ഒരു മണിക്കൂർ തുടർച്ചയായി മഴ പെയ്താൽ നഗരം വെള്ളക്കെട്ടിലാകുന്ന സ്ഥിതിയിലാണെന്നും വ്യാപാരികൾ പറഞ്ഞു. തലസ്ഥാനത്ത് നിരവധി പേർ ആശ്രയിക്കുന്ന പ്രധാന റോഡുകളിൽ പലതും സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായി നിർമാണം നടക്കുകയാണ്. കനത്ത മഴ തുടർച്ചയായി പെയ്തതോടെ ഈ റോഡുകളിൽ വെള്ളക്കെട്ടും അതിരൂക്ഷമാണ്. ജനറൽ ആശുപത്രിവഞ്ചിയൂർ റോഡ്, മാഞ്ഞാലിക്കുളംതമ്പാനൂർ റോഡ്, അട്ടക്കുളങ്ങരകിള്ളിപ്പാലം റോഡ്, ആൽത്തറതൈക്കാട് റോഡ് തുടങ്ങി നഗരത്തിലെ ജനങ്ങൾ ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന റോഡുകളുടെ നിർമാണം ഇഴഞ്ഞു നീങ്ങുകയാണ്. സ്കൂൾ തുറക്കലിനു മുൻപായി നിർമാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി റോഡുകൾ സഞ്ചാരയോഗ്യമാക്കുമെന്ന് അധികൃതർ പറയുന്നുണ്ടെങ്കിലും നിർമാണത്തിൽ പുരോഗതിയില്ല. കനത്ത മഴ തുടരുന്ന സാഹചര്യത്തിൽ മിക്കയിടങ്ങളിലും ദിവസങ്ങളായി നിർമാണം നടക്കുന്നതുമില്ല.

ശ്രീകാര്യം, ചാവടിമുക്ക്, പൗണ്ട്കടവ്, എസ് എൻ നഗർ, അട്ടക്കുളങ്ങര, ശ്രീവരാഹം പറമ്പിൽ, കണ്ണമ്മൂല, തമ്പാനൂർ, പഴവങ്ങാടി, കമലേശ്വരം, മണക്കാട് എന്നിവിടങ്ങളിലും തുടർച്ചയായ നാലാം ദിവസവും വെള്ളക്കെട്ട് മാറ്റമില്ലാതെ തുടരുകയാണ്. പകർച്ചവ്യാധി ഭീഷണി നിൽനിൽക്കുന്നതിനിടെ മലിന ജലത്തിലൂടെയുള്ള യാത്ര ആരോഗ്യപ്രശ്നങ്ങൾക്കു കാരണമാകുമോ എന്ന ആശങ്കയാണ് നാട്ടു കാർക്ക്.

# സമ്മർ ക്യാമ്പ് മേയ് 27 മുതൽ

സ്കൂൾ വിദ്യാർഥികൾക്കിടയിൽ സ്വതന്ത്ര സോഫ്റ്റ്‌വെയറിൽ താത്പര്യം വളർത്തുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാരിന് കീഴിൽ പ്രവർത്തിക്കുന്ന അന്താരാഷ്ട്ര സ്വതന്ത്ര വിജ്ഞാന ഗവേഷണ വികസന കേന്ദ്രം (ICFOSS) അഞ്ചു ദിവസം നീണ്ടുനില്ക്കുന്ന സമ്മർ ക്യാമ്പ് സംഘടിപ്പിക്കുന്നു. പത്താം ക്ലാസ് പൂർത്തിയാക്കിയ വിദ്യാർഥികൾക്കായി ഫ്രീ ആൻഡ് ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയറിൽ (FOSS) നടത്തുന്ന ക്യാമ്പ് മേയ് 27 മുതൽ 31 വരെ കാര്യവട്ടം സ്പോർട്സ് ഹബ്ബിലെ ഐസിഫോസിൽ നടക്കും.

രാവിലെ 10 മുതൽ വൈകിട്ട് അഞ്ചു വരെ നടത്തുന്ന ക്യാമ്പിലൂടെ സ്വതന്ത്ര സോഫ്റ്റ്‌വെയർ, ഉബുണ്ടു ബേസിക്സ്, പ്രോഗ്രാമിംഗ് പൈത്തൺ (Python), എഐ (AI) എന്നീ വിഷയങ്ങളെ പറ്റിയുള്ള പരിശീലനം നല്കും. വിവിധ സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉപകരണങ്ങൾ പരിചയപ്പെടുന്നതിലൂടെ വിദ്യാർഥികൾക്ക് അവരുടെ സാങ്കേതിക മികവ് വളർത്തിയെടുക്കാനും പ്രശ്നപരിഹാര കഴിവുകൾ വർദ്ധിപ്പിക്കാനുമുള്ള അവസരം ലഭിക്കും. ഈ പ്രോഗ്രാമിൽ സൈദ്ധാന്തിക അറിവിന് പുറമേ പ്രായോഗിക പരിശീലനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മികച്ച രീതിയിൽ ക്യാമ്പ് പരിശീലനം പൂർത്തിയാക്കുന്നതിന് ഓരോ വിദ്യാർത്ഥിക്കും ഐസിഫോസിലെ വിദഗ്ദരിൽ നിന്നു വ്യക്തിഗത മാർഗ്ഗനിർദ്ദേശം ലഭിക്കും. 30 പേർക്കു പങ്കെടുക്കാം. ആദ്യം രജിസ്റ്റർ ചെയ്യുന്നവരെയാണ് ആദ്യം പരിഗണിക്കുന്നത്.

2024 മേയ് 23 വരെ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും https://icfoss.in/event-details/187, 7356610110, 0471 2413012 / 13 / 14, 9400225962.

# രോഗിയുടെ പ്ലാസ്റ്റർ ഇളകി മാറി എന്ന് ആരോപിച്ച് നഴ്സിംഗ് അസിസ്റ്റൻറിന് ക്രൂര മർദനം

വെള്ളറട: രോഗിയുടെ പ്ലാസ്റ്റർ ഇളകി മാറി എന്ന് ആരോപിച്ച് വെള്ളറട സർക്കാർ ആശുപത്രിയിൽ ഡ്യൂട്ടിയിലായിരുന്ന നഴ്സിംഗ് അസിസ്റ്റൻറിനെ ക്രൂരമായി മർദ്ദിച്ച കേസിൽ രണ്ടു പേർ പിടിയിൽ. വെള്ളറട കരിമരം കോളനിയിലെ നിഷാദ് (20), കിളിയൂർ സ്വദേശി ശ്യാം (30 ) എന്നിവരെയാണ് മാരായമുട്ടത്ത് നിന്നും വെള്ളറട പോലീസ് പിടികൂടിയത്. വെള്ളറട പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ ചികിത്സ തേടിയ രോഗിയുടെ ചുമലിൽ ഇട്ട പ്ലാസ്റ്റർ ഇളകി മാറിയെന്നാരോപിച്ച് വെള്ളറട ആനപ്പാറ സർക്കാർ ആരോഗ്യ കേന്ദ്രത്തിലെ നഴ്സിംഗ് അസിസ്റ്റൻറിനെ കഴിഞ്ഞ ദിവസനാണ് പ്രതികൾ മർദിച്ചത്. നഴ്സിംഗ് അസിസ്റ്റൻറ് സനൽരാജിനാണ് (42) മർദനമേറ്റത്. തിങ്കളാഴ്ച ഉച്ചയ്ക്ക് 12നായിരുന്നു നിഷാദ് ആശുപത്രിയിൽ ചികിത്സയ്ക്കായി എത്തിയത്. ചുമലിന് തകരാറു കണ്ടെത്തിയ ഡോക്ടർ പ്ലാസ്റ്റർ ഇടാൻ നിർദേശിക്കുകയായിരുന്നു. നിഷാദ് വീട്ടിലെത്തിയപ്പോൾ പ്ലാസ്റ്ററിൻറെ ഒരു വശം ഇളകി മാറി എന്ന് ആരോപിച്ചായിരുന്നു മടങ്ങിയെത്തിയത്. ഇതിൻറെ പേരിലായിരുന്നു ആക്രമണം. സനൽ രാജ് വെള്ളറട സർക്കാർ ആശുപത്രിയിൽ ചികിൽസയിലാണ്. പോലീസിൽ പരാതിപെട്ടതിനെ തുടർന്ന് വെള്ളറട പോലീസ് ആശുപത്രിയിൽ എത്തി ചികിത്സയിൽ കഴിയുന്ന സനൽ രാജിൻറെ മൊഴിയെടുത്തിരുന്നു. നിരവതി കേസിലെ പ്രതിയാണ് ഒന്നാം പ്രതി നിഷാദ് മോബൈൽ ടവർ കേന്ദരീകരിച്ച് നടത്തിയ അന്വേഷണമാണ് പ്രതികളെ കുടുക്കാൻ കഴിഞ്ഞത്. ആക്രമണം നടത്തി മണിക്കൂറ്കൾക്കുള്ളിൽ പ്രതികളെ പിടികൂടാൻ കഴിഞ്ഞു. സർക്കിൾ ഇൻസ്പക്ടർ ബാബുകുറുപ്പ്, സബ് ഇൻസ്പക്ടർ മണികുട്ടൻ, സിവിൽ പോലീസ്കാരായ സജിൻ, ദീബു, പ്രദീപ്, അജി, രാജ്മോഹൻ, സുനിൽ അടങ്ങുന്ന സംഘമാണ് പ്രതികളെ പിടികൂടിയത്.

# ഇ. പിയുടെ ഗൂഢാലോചന പരാതി; നേരിട്ട് കേസെടുക്കാനാവില്ലെന്ന് പോലീസ്

തിരുവനന്തപുരം: താൻ ബിജെപിയിൽ ചേരുമെന്ന് പ്രചാരണം നടത്തിയവർക്കെതിരേ നടപടി ആവശ്യപ്പെട്ട് ഇടത് മുന്നണി കൺവീനർ ഇ. പി. ജയരാജൻ നൽകിയ പരാതിയിൽ നേരിട്ട് കേസെടുക്കാനാവില്ലെന്ന് പോലീസ്. നേരിട്ട് കേസെടുക്കാനുള്ള മൊഴിയോ സാഹചര്യ തെളിവുകളോ ഇല്ലെന്നാണ് വിശദീകരണം.

താൻ ബിജെപിയിൽ ചേരുമെന്ന പ്രചാരണം അഴിച്ചു വിട്ടതിന് പിന്നിൽ ഗൂഢാലോചന ഉണ്ടെന്ന് കാട്ടിയാണ് ഇ. പി ഡിജിപിക്ക് പരാതി നൽകിയത്. മകൻറെ ആക്കുളത്തെ ഫ്ലാറ്റിൽ ബിജെപി നേതാവ് പ്രകാശ് ജാവദേക്കർ എത്തിയതുമായി ബന്ധപ്പെട്ട് നടന്ന പ്രചാരണങ്ങൾ ചൂണ്ടിക്കാട്ടിയായിരുന്നു പരാതി. ബിജെപി നേതാവ് ശോഭാ സുരേന്ദ്രൻ, കെപിസിസി പ്രസിഡൻറ് കെ. സുധാകരൻ എന്നിവർക്കെതിരെയാണ് പരാതി നൽകിയത്. സംഭവത്തിൽ പ്രാഥമിക അന്വേഷണം നടത്തിയ കഴക്കൂട്ടം അസിസ്റ്റൻറ് കമ്മീഷണർ ഇ. പിയുടെയും മകൻറെയും മൊഴി രേഖപ്പെടുത്തിയിരുന്നു.

എന്നാൽ ഗൂഢാലോചന സാധൂകരിക്കുന്ന തരത്തിൽ എന്തെങ്കിലും തെളിവ് ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ കോടതി നിർദേശിച്ചാൽ മാത്രമാണ് കേസെടുക്കാനാവുക. പോലീസിന് നേരിട്ട് കേസെടുക്കാനാവില്ലെന്നാണ് ഡിജിപിക്ക് സമർപ്പിച്ച റിപ്പോർട്ടിൽ പറയുന്നത്.

# കേരള ആരോഗ്യ സർവകലാശാലാ സംസ്ഥാന അത്‌ലറ്റിക് മീറ്റ്: കോഴിക്കോട് ഗവ. മെഡി. കോളജ് മുന്നിൽ

പരിയാരം: കേരള ആരോഗ്യ സർവകലാശാലാ സംസ്ഥാനതല അത്‌ലറ്റിക്മീറ്റിന് കണ്ണൂർ ഗവ. മെഡിക്കൽ കോളജ് സിന്തറ്റിക് ട്രാക്കിൽ തുടക്കമായി. ഒന്നാം ദിവസം മീറ്റ് അവസാനിക്കുമ്പോൾ 54 പോയിൻറ് നേടി കോഴിക്കോട് മെഡിക്കൽ കോളജാണ് മുന്നിട്ട് നിൽക്കുന്നത്. തിരുവനന്തപുരം ദന്തൽ കോളജും കോലഞ്ചേരി എംഒഎസിയും ഗ. മെഡിക്കൽ കോളജ് ആലപ്പുഴയും തൊട്ടു പിന്നിലായുണ്ട്.

മീറ്റിൻറെ ഔദ്യോഗിക ഉദ്ഘാടനം കേരളാ ആരോഗ്യ സർവകലാശാലാ വൈസ് ചാൻസിലർ ഡോ. മോഹനൻ കുന്നുമ്മൽ ഓൺലൈനായി നിർവഹിച്ചു. ഒളിമ്പ്യൻ മേഴ്സിക്കുട്ടൻ വിശിഷ്ടാതിഥിയായി. മുൻ എംഎൽഎയും എച്ച്ഡിഎസിലെ മുഖ്യമന്ത്രിയുടെ പ്രതിനിധിയുമായ ടി. വി. രാജേഷ് മുഖ്യാതിഥിയായിരുന്നു. കണ്ണൂർ മെഡിക്കൽ കോളജ് സൂപ്രണ്ട് ഡോ. സുദീപ് ഉദ്ഘാടനച്ചടങ്ങിൽ അധ്യക്ഷത വഹിച്ചു.

മീറ്റിലെ വേഗതാരങ്ങളായി ഷമീലും അൽനാ ഷാജുവും തെരഞ്ഞെടുക്കപ്പെട്ടു. തിരുവനന്തപുരം ഗവ. ഡൻറൽ കോളജ് വിദ്യാർഥിയായ ഷമീൽ 11.25 സെക്കൻഡിൽ ഫിനിഷ് ചെയ്താണ് അത്‌ലറ്റിക് മീറ്റിലെ ഗ്ലാമർ ഇനമായ 100 മീ ഓട്ടമത്സരത്തിലെ പുരുഷവിഭാഗത്തിൽ സ്വർണം നേടിയത്. തൃക്കാക്കര ലൂർദ് നഴ്സിംഗ് കോളജ് വിദ്യാർഥിനിയായ അൽന 14.02 സെക്കൻറിൽ ഓടിയെത്തിയാണ് വനിതാ വിഭാഗത്തിൽ സ്വർണം നേടിയത്.

# കോളേജ് തല സ്പോർട്സ് ലീഗുകൾ ആലോചനയിൽ; രൂപരേഖയുണ്ടാക്കും: മന്ത്രി ഡോ. ആർ ബിന്ദു

കോളേജ് തലങ്ങളിൽ പ്രൊഫഷണൽ സ്പോർട്സ് ലീഗുകൾ സംഘടിപ്പിക്കുന്നതിനെപ്പറ്റി പ്രാഥമിക രൂപരേഖ തയ്യാറാക്കാൻ സമിതി രൂപീകരിക്കുമെന്ന് ഉന്നതവിദ്യാഭ്യാസസാമൂഹ്യനീതി മന്ത്രി ഡോ. ആർ ബിന്ദു പറഞ്ഞു. രൂപരേഖ ലഭിച്ച ശേഷം വേണ്ട നടപടിക്രമങ്ങൾ ആലോചിക്കും. കായിക വകുപ്പ് മന്ത്രി വി. അബ്ദുറഹിമാനുമായി നടന്ന കൂടിക്കാഴ്ചയിലാണ് ഇതിന് ധാരണയായത്.

അന്താരാഷ്ട്ര സ്പോർട്സ് ഉച്ചകോടിയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ സംബന്ധിച്ചായിരുന്നു കായിക വകുപ്പ് മന്ത്രിയുമായി ചേംബറിൽ കൂടിക്കാഴ്ച നടത്തിയത്. കോളേജ് തലത്തിൽ സ്പോർട്സിന് കൂടുതൽ പ്രോത്സാഹനം നൽകുന്നതും അതുവഴിയുള്ള വരുമാനസാധ്യത കണ്ടെത്തലും യോഗത്തിൽ ചർച്ചചെയ്തു. കോളേജ് തലങ്ങളിൽ സ്പോർട്സ് ലീഗ് എങ്ങനെ പ്രാവർത്തികമാക്കാമെന്ന കാര്യത്തിൽ ഒരു രൂപരേഖ തയ്യാറാക്കാനാണ് സമിതിയെ ചുമതലപ്പെടുത്തുക. സ്പോർട്സ് ലീഗ് പ്രാരംഭ പ്രവർത്തനങ്ങൾക്കായി 60 ലക്ഷം രൂപ നൽകാമെന്ന് കായികവകുപ്പ് അറിയിച്ചിട്ടുണ്ട് മന്ത്രി ഡോ. ബിന്ദു പറഞ്ഞു.

# 24 നു ടെൻഡറുകൾ ഓപ്പൺ ചെയ്ത് 25നു പ്രവർത്തനങ്ങൾ ആരംഭിക്കും. 26നു ഡ്രൈ ഡേ ആചരിക്കും

ഒന്നാംഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി ഡിവിഷനുകളിലെ ചെറിയ കാനകളിൽനിന്നു മണ്ണും ചെളിയും നീക്കംചെയ്യുന്ന പ്രവൃത്തികൾ പൂർത്തിയാക്കിയതായി മേയർ എം.കെ. വർഗീസ് അറിയിച്ചു. മഴക്കാലപൂർവ ശുചീകരണത്തിന് ഓരോ ഡിവിഷനിലേക്കും അനുവദിച്ച 40,000 രൂപയ്ക്കു പുറമെയാണു വലിയ കാനകളും തോടുകളും നീർച്ചാലുകളും വൃത്തിയാക്കാൻ രണ്ടുകോടിയുടെ ടെൻഡർ വിളിച്ചിരിക്കുന്നത്.

മഴക്കാലപൂർവ ശുചീകരണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം 26നു ജയ്ഹിന്ദ് മാർക്കറ്റിൽ മേയർ നിർവഹിക്കും. ഡെപ്യൂട്ടി മേയർ, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാന്മാർ, കൗൺസിലർമാർ, കുടുംബശ്രീ പ്രവർത്തകർ, ആരോഗ്യപ്രവർത്തകർ, എൻഎസ്എസ് വോളൻറിയർമാർ, സന്നദ്ധപ്രവർത്തകർ, ശുചീകരണ തൊഴിലാളികൾ, ഹരിതകർമസേനാംഗങ്ങൾ, യുവജനപ്രസ്ഥാനങ്ങൾ, വ്യാപാരികൾ തുടങ്ങിയവർ മാസ് കാന്പയിൻറെ ഭാഗമാകും.

55 ഡിവിഷനുകളിലും ഡിവിഷൻ കൗൺസിലർമാരുടെ നേതൃത്വത്തിൽ അന്നേദിവസംതന്നെ കിണർ ക്ലോറിനേഷൻ, കൊതുകുജലജന്യരോഗ നിയന്ത്രണം, ബോധവത്കരണ നോട്ടീസ് വിതരണം ഉൾപ്പെടെ ഡിവിഷനിലെ വിവിധ സംഘടനകളുടെ ഏകോപനത്തോടു കൂടി നടക്കും.

ഡിഎംഒയുടെ പ്രത്യേക നിർദേശപ്രകാരം പ്രൈമറി ഹെൽത്ത് സെൻറർ, അർബൻ ഹെൽത്ത് സെൻറർ, വെൽനസ് സെൻററുകൾ എന്നിവയുടെ സഹായത്തോടെ മഴക്കാലരോഗങ്ങൾ വരാതിരിക്കാനുള്ള പ്രതിരോധപ്രവർത്തനങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. 31നു മഴക്കാലപൂർവ ശുചീകരണങ്ങൾ പൂർത്തിയാക്കും.

# കടലിൽ പോകുന്നതിനു വിലക്ക്

ശക്തമായ കാറ്റും മോശം കാലാവസ്ഥയും പ്രതീക്ഷിക്കുന്നതിനാൽ ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നത് വരെ കേരള തീരത്ത് നിന്ന് കടലിൽ പോകാൻ പാടില്ലെന്നു കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

# തോടുകൾ വൃത്തിയാക്കാൻ ടെൻഡർ നടപടിയായി

തൃശൂർ: വിവാദങ്ങൾക്കും പ്രതിപക്ഷപ്രതിഷേധങ്ങൾക്കും ഒടുവിൽ വൈകിയ വേളയിലാണെങ്കിലും തോടുകൾ വൃത്തിയാക്കാനുള്ള ടെൻഡർ നടപടികൾ പൂർത്തീകരിച്ച് കോർപറേഷൻ.തോടുകളും നീർച്ചാലുകളും വൃത്തിയാക്കാൻ 194 പദ്ധതികളിലായി (114 കിലോമീറ്റർ) രണ്ടുകോടി രൂപയ്ക്കുള്ള ടെൻഡർ നടപടികളാണു പൂർത്തിയാക്കിയത്. ടെൻഡർ നടപടികൾ പൂർത്തിയാക്കാതിരുന്നത് അഴിമതിക്കു കളമൊരുക്കാൻ ഭരണപക്ഷം മനപ്പൂർവം ഉണ്ടാക്കിയ വീഴ്ചയാണെന്ന് ആരോപിച്ച് സമരങ്ങളടക്കം നടത്തിയിരുന്നു. തുടർന്നാണു ടെൻഡർ പൂർത്തീകരിച്ചു കോർപറേഷൻ നടപടിയായത്.

# സയന്റിഫിക് വീഡ് മാനേജ്മെന്റിൽ പി.ജി. ഡിപ്ലോമ

പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ സയന്റിഫിക് വീഡ് മാനേജ്മെന്റ് കോഴ്സിലേക്ക് കേരള കാർഷിക സർവകലാശാല അപേക്ഷ ക്ഷണിച്ചു. നാലു വർഷ ബി.എസിസി അഗ്രികൾച്ചർ / ഫോറസ്ട്രി / ഹോർട്ടികൾച്ചർ, ബി.എസ്സി / ബി.ടെക് ബയോടെക്നോളജി, ബി.എസ്സി ലൈഫ് സയൻസ് എന്നിവയിലേതെങ്കിലുമാണു യോഗ്യത. 10 സീറ്റുകളാണുള്ളത്. പ്രോസ്പെക്ടസും വിശദ വിവരങ്ങളും ഠഠഠ.സമൗ.ശി എന്ന വെബ്സൈറ്റിൽ ലഭിക്കും. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജൂൺ 11.

# അന്താരാഷ്ട്ര ജൈവവൈവിധ്യ ദിനം: ഏകദിന ശിൽപ്പശാല സംഘടിപ്പിച്ചു

സംസ്ഥാന ജൈവവൈവിധ്യ ബോർഡും ദേശീയ ജൈവവൈവിധ്യ അതോറിറ്റിയും സംയുക്തമായി 'കേരളത്തിന്റെ ജൈവാധിനിവേശ നിയന്ത്രണ മാർഗ്ഗ നിർദ്ദേശങ്ങൾ' എന്ന വിഷയത്തിൽ ഏകദിന ശിൽപ്പശാല സംഘടിപ്പിച്ചു. അന്താരാഷ്ട്ര ജൈവവൈവിധ്യ ദിനാചരണത്തിന്റെ ഭാഗമായിട്ടായിരുന്നു ശിൽപ്പശാല. കെ.ടി.ഡി.സി ഗ്രാന്റ് ചൈത്രം ഹോട്ടലിൽ സംഘടിപ്പിച്ച ശിൽപ്പശാല സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ചെയർമാൻ ഡോ. രത്തൻ കേൽക്കർ ഉദ്ഘാടനം ചെയ്തു. ബോർഡ് അംഗം ഡോ. കെ. സതീഷ്കുമാർ, ഡോ.എസ്. രാജശേഖരൻ, ഡോ.ടി സാബു, ഡോ. ഹൃദീക്, ഡോ.സി.കെ. പീതാംബരൻ തുടങ്ങിയവർ സന്നിഹിതരായിരുന്നു. സംസ്ഥാന ജൈവവൈവിധ്യ ബോർഡ് അംഗങ്ങൾ, ജൈവവൈവിധ്യ മേഖലയുമായി ബന്ധപ്പെട്ട് വരുന്ന വകുപ്പ് പ്രതിനിധികൾ, ജൈവവൈവിധ്യ പരിപാലന സമിതി പ്രതിനിധികൾ, വിഷയ വിദഗ്ദ്ധർ, സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ വിർച്ചൽ കേഡർ അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

# പോലീസുകാർ വീടുകയറി മർദിച്ചതായി പരാതി

നേമം: നരുവാമൂട് പോലീസ് വീടുകയറി മർദിച്ചതായി പരാതി. നേമം ഇടയ്ക്കോട് കൈതൂർക്കോണം നെല്ലിത്തറ വീട്ടിൽ സന്തോഷ് (44) ആണ് പരാതിക്കാരൻ. തിങ്കളാഴ്ച ഉച്ചയ്ക്ക് നരുവാമൂട് പോലീസ് വീടിൻറെ വാതിൽ ചവിട്ടി തുറന്ന് അകത്ത് കിടക്കുകയായിരുന്ന തന്നെ പുറത്ത് ലാത്തികൊണ്ട് അടിച്ചെന്നാണ് സന്തോഷ് പറയുന്നത്. മർദനത്തിനു ശേഷം പോലീസ് തന്നെ നെയ്യാറ്റിൻകര ആശുപത്രിയിലെത്തിച്ചെന്നും പിന്നീട് സ്റ്റേഷനിൽ കൊണ്ടുവന്ന ശേഷം ബന്ധുവിനോടൊപ്പം ജാമ്യത്തിൽ വിട്ടയച്ചെന്നും പരാതിയിൽ പറയുന്നു. കുടുംബ വീട്ടിലെത്തിയപ്പോൾ തളർന്ന് വീണ തന്നെ ബന്ധുക്കൾ മെഡിക്കൽകോളജ് ആശുപത്രിയിലെത്തിക്കുകയായിരുന്നുവെന്നും സന്തോഷ് പറയുന്നു. ഇപ്പോൾ നെയ്യാറ്റിൻകര ആശുപത്രിയിൽ ചികിത്സയിലാണ് സന്തോഷ്. കഴിഞ്ഞ ദിവസം ഭാര്യയുടെ ബന്ധുക്കളെത്തി മർദിച്ചെന്നും അതിനുശേഷമാണ് നരുവാമൂട് സിഐയുടെ നേതൃത്വത്തിൽ പോലീസ് മർദിച്ചതെന്നുമാണ് സന്തോഷ് പറയുന്നത്. എന്നാൽ മർദ്ദനം ഉണ്ടായിട്ടില്ലെന്നും വീട്ടിൽ കിടന്ന് സന്തോഷ് ബഹളം വെയ്ക്കുന്നതായി വിവരം ലഭിച്ചതിനെ തുടർന്നാണ് പോലീസ് അവിടെ എത്തിയതെന്നും അപ്പോൾ തന്നെ സന്തോഷിന് മർദ്ദനമേറ്റിരുന്നതായും പോലീസാണ് സന്തോഷിനെ ആശുപത്രിയിലെത്തിച്ചതെന്നും നരുവാമൂട് പോലീസ് പറയുന്നത്.

# വെയിലായാലും മഴയായാലും അടുക്കളയിൽ തീവിലക്കാലം

കാസർഗോഡ്: വേനലായാലും മഴയായാലുമൊന്നും പച്ചക്കറി വിലയെ അത് ബാധിക്കില്ലെന്ന അവസ്ഥയാണിപ്പോൾ. പാവയ്ക്കയുടെയും അച്ചിങ്ങാപ്പയറിൻറെയുമൊക്കെ വില മൂന്നക്കം തൊട്ടിട്ട് നാളുകളേറെയായി. ബീൻസാണെങ്കിൽ അതുക്കുംമേലെ 160 ലെത്തി. ചേനയും ചേമ്പും പച്ചമുളകും നൂറിനോടടുക്കുന്നു. വെണ്ടയും കോവയ്ക്കയും പീച്ചിലുമെല്ലാം അമ്പത് കടന്നു. തക്കാളിയും ഉരുളക്കിഴങ്ങും വഴുതനയും കാബേജും മുപ്പതിനും നാല്പതിനുമിടയിൽ അല്പം ആശ്വാസമായി നില്ക്കുന്നു. അതിലും താഴെ നില്ക്കുന്നത് വെള്ളരിയും കുമ്പളങ്ങ!യും മാത്രം. ഇത്രയും വിലകൊടുത്ത് പച്ചക്കറി വാങ്ങുന്നതിനേക്കാൾ ഭേദം ചിക്കനാണെന്ന് കരുതിയാൽ, അതിൻറെയും വില ഇരുനൂറിനോടടുക്കുകയാണ്. ചില്ലറ വിപണിയിൽ കിലോ 180 രൂപയിൽ കുറഞ്ഞ് ചിക്കൻ കിട്ടാനേയില്ല. മത്സ്യമാർക്കറ്റിൽ പോ!യാൽ ഇരുനൂറും മുന്നൂറും കടന്നുള്ള കണക്കുകൾ മാത്രമേ കേൾക്കാനുള്ളൂ. ചിക്കൻറെ കാര്യത്തിൽ കടുത്ത ചൂടിൽ കോഴികൾ ചത്തൊടുങ്ങുന്ന അവസ്ഥയുണ്ടായപ്പോൾ തമിഴ്നാട്ടിലെ ചെറുകിട ഫാമുകളെല്ലാം തത്കാലം അടച്ചുപൂട്ടിയതു മൂലമുണ്ടായ ക്ഷാമമമാണ് വിലക്കയറ്റത്തിന് കാരണമായി പറയുന്നത്. ഇനി അവയെല്ലാം വീണ്ടും തുറന്ന് ഉല്പാദനം തുടങ്ങിയാൽ വില അല്പമെങ്കിലും കുറയുമെന്നാണ് പ്രതീക്ഷ. മത്സ്യത്തിൻറെ കാര്യത്തിൽ കാലാവസ്ഥാമാറ്റം മൂലം മീനുകളുടെ ലഭ്യത കുറഞ്ഞതാണ് പ്രശ്നം. ഇനി വരാൻ പോകുന്നത് ട്രോളിംഗ് നിരോധനക്കാലമായതുകൊണ്ട് ക്ഷാമം കൂടാനാണ് സാധ്യത. പക്ഷേ ഇതരസംസ്ഥാനങ്ങളിൽ നിന്നെത്തുന്ന പച്ചക്കറികളുടെ കാര്യത്തിൽ ഉല്പാദനം കൂടിയാലും കുറഞ്ഞാലും ഇടനിലക്കാർ കൃത്രിമക്ഷാമം സൃഷ്ടിച്ച് വില കൂട്ടുകയാണെന്ന പരാതി വ്യാപാരികൾ തന്നെ ഉന്നയിക്കുന്നുണ്ട്. നാടൻ പച്ചക്കറികൾ വിപണിയിലെത്തുന്ന സമയത്ത് പെട്ടെന്നുതന്നെ വില താഴുന്നതും അവർ ചൂണ്ടിക്കാണിക്കുന്നു.

# നേര്യമംഗലം വനമേഖലയിൽ പകൽ റോഡിലിറങ്ങി കാട്ടാന

അടിമാലി: കൊച്ചി ധനുഷ്കോടി ദേശീയപാത കടന്നുപോകുന്ന നേര്യമംഗലം വനമേഖലയിൽ കാട്ടാനകൾ പകൽ റോഡിലിറങ്ങി. വിനോദസഞ്ചാരികളുടേതടക്കം നിരവധി വാഹനങ്ങൾ കടന്നുപോകുന്പോൾ കാട്ടാനക്കൂട്ടം റോഡ് മുറിച്ചുകടക്കുകയായിരുന്നു. ആനകൾ റോഡിലിറങ്ങിയതോടെ ഗതാഗതം തടസപ്പെട്ടു. ആന ആക്രമണസ്വഭാവം കാട്ടാഞ്ഞത് ആശ്വാസമായി. വാളറ വെള്ളച്ചാട്ടത്തിനു സമീപവും പകൽ ആനയുടെ സാന്നിധ്യം ആളുകളുടെ ശ്രദ്ധയിൽപ്പെട്ടിരുന്നു.

ജനവാസ മേഖലയ്ക്ക് സമീപവും ദേശീയപാതക്ക് സമീപവുമൊക്കെ കാട്ടാനകളുടെ സാന്നിധ്യം വർധിക്കുന്നത് പ്രദേശവാസികളിലും വാഹനയാത്രികരിലുമൊക്കെ ആശങ്ക വർധിപ്പിച്ചിട്ടുണ്ട്.

നേര്യമംഗലം വനമേഖലയുമായി ചേർന്നുകിടക്കുന്ന കാഞ്ഞിരവേലി ഭാഗത്ത് കാട്ടാനകളുടെ സ്ഥിരം സാന്നിധ്യമുണ്ട്. നാളുകൾക്കു മുന്പ് വീട്ടമ്മ കാട്ടാന ആക്രമണത്തിൽ കൊല്ലപ്പെട്ടത് കാഞ്ഞിരവേലിയിലായിരുന്നു.കഴിഞ്ഞ വർഷം നേര്യമംഗലം വനമേഖലയിൽ ഇരുചക്രവാഹന യാത്രികൻ കാട്ടാന ആക്രമണത്തിൽ നിന്നു രക്ഷപ്പെട്ടത് തലനാരിഴക്കാണ്. രാപകൽ വ്യത്യാസമില്ലാതെ ഇരുചക്രവാഹനയാത്രികരടക്കം നേര്യമംഗലം വനമേഖലയിലൂടെ സഞ്ചരിക്കാറുണ്ട്.

# കെൽട്രോണിൽ തൊഴിലധിഷ്ഠിത കോഴ്സുകൾ

കേരള സർക്കാർ സ്ഥാപനമായ കെൽട്രോൺ തൊഴിലധിഷ്ഠിത കോഴ്സുകളായ ലോജിസ്റ്റിക്സ് ആന്റ് സപ്ലൈ ചെയിൻ മാനേജ്മെന്റ്, കംമ്പ്യൂട്ടർ ഹാർഡ്വെയർ ആന്റ് നെറ്റ്വർക്ക് മെയിന്റനൻസ്, വെബ് ഡിസൈൻ ആന്റ് ഡെവലപ്മെന്റ്, ഡി.സി.എ, പി.ജി.ഡി.സി.എ, മൊബൈൽ ഫോൺ ടെക്നോളജി എന്നീ കോഴ്സുകളിലേക്കുള്ള അപേക്ഷകൾക്ക് തിരുവനന്തപുരത്തുള്ള സ്പെൻസർ ജംഗ്ഷനിലെ കെൽട്രോൺ നോളഡ്ജ് സെന്ററിലോ 04712337450, 04712320332 എന്നീ നമ്പറുകളിലോ ബന്ധപ്പെടുക.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# ഒരാഴ്ച നീണ്ട കളിചിരികളുടെ 'കലപില' യ്ക്ക് കലാശക്കൊട്ടോടെ സമാപനം

തിരുവനന്തപുരം: സ്ക്രീനുകൾക്കുള്ളിൽ ഒതുങ്ങുന്ന അവധിക്കാലത്തിൽ നിന്നും വ്യത്യസ്തമായി കളിയും ചിരിയും കലയും ഒത്തുചേർത്ത് ആഘോഷമാക്കിയ 'കലപില' അവധിക്കാല ക്യാമ്പ് സമാപിച്ചു.

സമാപന പരിപാടിയായ 'കലപില കലാശക്കൊട്ട്' വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം മാനേജിങ് ഡയറക്ടർ ഡോ. ദിവ്യ എസ് അയ്യർ ഐഎഎസ് ഉദ്ഘാടനം ചെയ്തു. കേരള സ്റ്റാർട്ടപ്പ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അനൂപ് അംബിക അധ്യക്ഷനായി.ക്യാമ്പിൽ പങ്കെടുത്ത കുട്ടികളുടെ സർഗസൃഷ്ടികൾ കോർത്തിണക്കി തയ്യാറാക്കിയ 'കലപിലകൾ കുത്തിവരയും എഴുത്തുകളും' മാഗസിൻറെ കവർ പ്രകാശനവും നടന്നു.




*'കലപില കലാശക്കൊട്ട്' വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം മാനേജിങ് ഡയറക്ടർ ഡോ. ദിവ്യ എസ് അയ്യർ ഐഎഎസ് ഉദ്ഘാടനം ചെയ്തു സംസാരിക്കുന്നു. ലുലു ഗ്രൂപ് ഹാപ്പിനെസ് പ്രൊജക്ട് ഇൻ ചാർജ് ശ്രുതി വിമല, കെഎസ്‌യുഎം പി ആർ മാനേജർ അഷിത വി. എ, കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് സീനിയർ കൺസൾട്ടന്റ് ഡോ. വിനൂത എച്ച് എം, കേരള സ്റ്റാർട്ടപ്പ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അനൂപ് അംബിക, കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് ചീഫ് ഓപ്പറേറ്റിങ് ഓഫീസർ വിനോദ് ടി വി, ക്രാഫ്റ്റ് വില്ലേജ് മാർക്കറ്റിങ് എക്സിക്യൂട്ടീവ് അക്ഷയ് എം.പി എന്നിവർ സമീപം.*

കോവളം വെള്ളാറിലെ കേരള ആർട്സ് ആൻഡ് ക്രാഫ്റ്റ് വില്ലേജിൽ കേരള സ്റ്റാർട്ടപ്പ് മിഷനും (കെഎസ് യുഎം) കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസും ചേർന്നാണ് വിദ്യാർഥികൾക്കായി ഏഴു ദിവസത്തെ വേനലവധിക്കാല ക്യാമ്പ് സംഘടിപ്പിച്ചത്.കേരള സംസ്ഥാന സ്കൂൾ കലോൽസവത്തിൽ ഒന്നാം സ്ഥാനവും മികച്ച നടനുള്ള സമ്മാനവും നേടിയ മേമുണ്ട ഹയർസെക്കൻഡറി സ്കൂൾ, വടകരയിലെ കുട്ടികൾ അവതരിപ്പിച്ച 'ഷിറ്റ്' എന്ന നാടകം കുട്ടികൾക്ക് ഏറെ ആസ്വാദ്യകരമായിരുന്നു. ചലച്ചിത്രകാരനും എഴുത്തുകാരനുമായ മധുപാൽ നയിച്ച 'എഴുത്തുകാരനൊപ്പം' സെഷൻ കുട്ടികളിൽ സാഹിത്യ ലോകത്തെ കുറിച്ചുള്ള ജിജ്ഞാസ സൃഷ്ടിച്ചു.

ഉപയോഗശൂന്യമായ വസ്തുക്കൾ ഉപയോഗിച്ച് കലപില പ്രമേയമാക്കി നിർമ്മിച്ച പത്ത് കലാസൃഷ്ടികൾ ക്രാഫ്റ്റ് വില്ലേജ് ക്യാമ്പസിൻറെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചുകൊണ്ടായിരുന്നു ക്യാമ്പിൻറെ തുടക്കം.നാടക കളരി, ഓപ്പൺ മൈക്ക്, കുട്ടികൾ തന്നെ ചായക്കൂട്ടുകൾ നിർമ്മിച്ച് ചെയ്യുന്ന ചിത്രകലാ പരിശീലനം, ഫേസ് പെയിൻറിംഗ് (മുഖത്തെഴുത്ത്), കളരി, സ്കേറ്റിംഗ്, മ്യൂസിക്ക്, ഫോട്ടോഗ്രഫി, കളിമണ്ണിൽ പാത്ര ശിൽപ നിർമാണം, കുരുത്തോല ക്രാഫ്റ്റ്, പട്ടം ഉണ്ടാക്കി പറത്തൽ, അനിമൽ ഫ്ളോ, വാന നിരീക്ഷണം, നൈറ്റ് വാക്ക്, പ്രകൃതി നിരീക്ഷണം, ഗണിതത്തിൻറെ ലോകം, എഴുത്തുകാരെ പരിചയപ്പെടൽ, സാംസ്കാരിക പരിപാടികൾ തുടങ്ങിയവയായിരുന്നു ക്യാമ്പിൻറെ പ്രധാന ആകർഷണങ്ങൾ.കലപില കലാശക്കൊട്ടിൽ കേരള ആർട്സ് ആൻഡ് ക്രാഫ്റ്റ് വില്ലേജ് ചീഫ് ഓപ്പറേറ്റിങ് ഓഫീസർ ശ്രീപ്രസാദ് ടി യു സ്വാഗതം പറഞ്ഞു. കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് ചീഫ് ഓപ്പറേറ്റിങ് ഓഫീസർ വിനോദ് മുഖ്യപ്രഭാഷകനായി.

ക്രാഫ്റ്റ് വില്ലേജ് ബിഡിഎം സതീഷ് കുമാർ, കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് സീനിയർ കൺസൾട്ടൻറ് ഡോ. വിനൂത എച്ച് എം, കെഎസ് യുഎം പി ആർ മാനേജർ അഷിത

വി. എ, ക്രാഫ്റ്റ് വില്ലേജ് മാർക്കറ്റിങ് എക്സിക്യൂട്ടീവ് അക്ഷയ് എം.പി, ലുലു ഹാപ്പിനെസ് ഇൻചാർജ് ശ്രുതി വിമല എന്നിവർ സംസാരിച്ചു.ക്യാമ്പിനോടനുബന്ധിച്ച് നടന്ന വിവിധ മത്സരങ്ങളിൽ വിജയികളായവർക്ക് ലുലു ഗ്രൂപ്പാണ് സമ്മാനം സ്പോൺസർ ചെയ്തത്.

## പന്തീരാങ്കാവ് കേസ്; പെൺകുട്ടിയുടെ രഹസ്യമൊഴിയെടുക്കും

കോഴിക്കോട്: പന്തീരാങ്കാവിൽ നവവധുവിനെ ക്രൂരമായി മർദിച്ച കേസിൽ പെൺകുട്ടിയുടെ രഹസ്യമൊഴിയെടുക്കാനൊരുങ്ങി അന്വേഷണസംഘം. ഇത് സംബന്ധിച്ച് കോഴിക്കോട് ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ അപേക്ഷ സമർപ്പിച്ചു.

ഇതിന് തീയതി ലഭിച്ച് കഴിഞ്ഞാൽ കോഴിക്കോട്ടേക്ക് വിളിച്ചുവരുത്തി പെൺകുട്ടിയുടെ മൊഴിയെടുക്കാനാണ് അന്വേഷണസംഘത്തിൻറെ തീരുമാനം. അതേസമയം ഒന്നാംപ്രതി രാഹുലിൻറെ അമ്മയെയും സഹോദരിയെയും ചോദ്യം ചെയ്യാനുള്ള ശ്രമം തുടരുകയാണ്. ഇവർ ആരോഗ്യകാരണങ്ങൾ പറഞ്ഞ് ആശുപത്രിയിൽ തുടരുന്ന സാഹചര്യത്തിലാണ് മൊഴിയെടുപ്പ് നീണ്ടുപോകുന്നത്.

പറവൂർ സ്വദേശിനിയായ നവവധുവാണ് കോഴിക്കോട് പന്തീരാങ്കാവിലെ ഭർതൃവീട്ടിൽ ക്രൂരമായ ഗാർഹിക പീഡനത്തിന് ഇരയായത്. എറണാകുളത്ത് നിന്ന് വിവാഹ സൽക്കാര ചടങ്ങിന് എത്തിയ ബന്ധുക്കളാണ് യുവതിയുടെ ശരീരത്തിലെ പരിക്കുകൾ കണ്ടത്. വീട്ടുകാർ യുവതിയുടെ മുഖത്തും കഴുത്തിലും മർദനമേറ്റതിൻറെ പാടുകൾ കണ്ട് കാര്യം തിരക്കിയപ്പോഴാണ് മർദന വിവരം പുറത്തറിഞ്ഞത്.

## പീഡനക്കേസ്; എൽദോസ് കുന്നപ്പിള്ളിക്കെതിരേ കുറ്റപത്രം സമർപ്പിച്ചു

തിരുവനന്തപുരം: പെരുമ്പാവൂർ എംഎൽഎ എൽദോസ് കുന്നപ്പിള്ളിക്കെതിരായ ബലാത്സംഗ കേസിൽ കുറ്റപത്രം സമർപ്പിച്ചു. നെയ്യാറ്റിൻകര കോടതിയിലാണ് തിരുവനന്തപുരം ജില്ലാ ക്രൈംബ്രാഞ്ച് കുറ്റപത്രം സമർപ്പിച്ചത്. വിവാഹ വാഗ്ദാനം നൽകി പീഡിപ്പിച്ചെന്ന് കാട്ടിയാണ് കോവളം പോലീസിൽ യുവതി പരാതി നൽകിയത്. ബലാത്സംഗം, വധശ്രമം അടക്കമുള്ള കുറ്റങ്ങളാണ് എൽദോസിനെതിരെ ചുമത്തിയിരിക്കുന്നത്. എൽദോസിനെ കൂടാതെ രണ്ട് സുഹൃത്തുക്കളും കേസിൽ പ്രതികളാണ്.

പരാതിക്കാരിയായ യുവതിയെ എംഎൽഎ ഒന്നിലേറെ തവണ പീഡിപ്പിച്ചെന്ന് കുറ്റപത്രത്തിൽ പറയുന്നു. അടിമലത്തുറയിലെ റിസോർട്ടിൽ വെച്ചാണ് ആദ്യം പീഡനം നടന്നത്. 2022 ജൂലൈ നാലിനായിരുന്നു ആദ്യ സംഭവം. പിന്നീട് തൃക്കാക്കരയിലെ വീട്ടിലും കുന്നത്തുനാട്ടിലെ വീട്ടിലും വച്ച് പീഡനം നടന്നു. കോവളം ഗസ്റ്റ് ഹൗസിൽനിന്ന് മടങ്ങുന്ന വഴി കൊക്കയിലേക്ക് തള്ളിയിട്ട് കൊല്ലാൻ ശ്രമിച്ചെന്ന യുവതിയുടെ പരാതിയിൽ എംഎൽഎക്കെതിരേ വധശ്രമവും ചുമത്തിയിട്ടുണ്ട്.

## പെരിയാറിലെ മത്സ്യക്കുരുതി; കളക്ടറോട് റിപ്പോർട്ട് തേടിയെന്ന് മന്ത്രി പി. രാജീവ്

കൊച്ചി: പെരിയാറിൽ മത്സ്യങ്ങൾ കൂട്ടത്തോടെ ചത്ത സംഭവത്തിൽ കർശന നടപടി സ്വീകരിക്കുമെന്ന് മന്ത്രി പി. രാജീവ്. സംഭവത്തിൽ ജില്ലാ കളക്ടറോട് റിപ്പോർട്ട് തേടിയെന്ന് മന്ത്രി അറിയിച്ചു.

പ്രത്യേക കമ്മിറ്റി വിഷയം പഠിച്ച് ഉടൻ റിപ്പോർട്ട് നൽകും. പുഴയിൽ രാസമാലിന്യം കലർന്നിട്ടുണ്ടോ എന്ന് പരിശോധിക്കും. ഏതെങ്കിലും സ്ഥാപനങ്ങളുടെ ഭാഗത്തുനിന്ന് വീഴ്ച ഉണ്ടായിട്ടുണ്ടെങ്കിൽ അവർക്കെതിരേ നടപടിയുണ്ടാകുമെന്നും മന്ത്രി അറിയിച്ചു.

അതേസമയം മത്സ്യങ്ങൾ കൂട്ടത്തോടെ ചത്ത സംഭവത്തിൽ പിസിബി( മലിനീകരണ നിയന്ത്രണ ബോർഡ്) ഓഫീസിലേക്ക് കർഷകർ പ്രതിഷേധ മാർച്ച് നടത്തി. ഏലൂരിലെ ഓഫീസിന് മുന്നിൽ ചത്ത മീനുകൾ വിതറിയായിരുന്നു പ്രതിഷേധം.

## നടുറോഡിൽ ബസ് നിർത്തി ഭക്ഷണം കഴിക്കാൻ പോയി; കെഎസ്ആർടിസി ഡ്രൈവർക്കെതിരേ പരാതി

പത്തനംതിട്ട: നടുറോഡിൽ ബസ് നിർത്തി കെഎസ്ആർടിസി ഡ്രൈവർ ഭക്ഷണം കഴിക്കാൻ പോയെന്ന് പരാതി. പുനലൂർമൂവാറ്റുപുഴ പാതയിലാണ് ഡ്രൈവർ ബസ് നിർത്തിയിട്ടത്. കട്ടപ്പന ഡിപ്പോയിലെ ഡ്രൈവർ അനിൽകുമാറിനെതിരെയാണ് പരാതി. ചൊവ്വാഴ്ച രാത്രിയാണ് സംഭവം. റോഡിൻറെ മധ്യഭാഗത്ത് ബസ് നിർത്തിയശേഷം യാത്രക്കാർക്കൊപ്പം ഡ്രൈവറും കണ്ടക്ടറും ഭക്ഷണം കഴിക്കാൻ പോവുകയായിരുന്നു. ബസ് റോഡിന് നടുക്കാണ് കിടക്കുന്ന കാര്യം നാട്ടുകാർ ചൂണ്ടിക്കാട്ടിയിട്ടും ഡ്രൈവർ ബസ് മാറ്റിയിടാൻ തയാറായില്ലെന്ന് ആക്ഷേപമുണ്ട്. പതിവായി അപകടം നടക്കുന്ന സ്ഥലമാണ് പുനലൂർമൂവാറ്റുപുഴ പാത.

## മലപ്പുറത്ത് വീണ്ടും മഞ്ഞപ്പിത്ത മരണം

എടക്കര: മലപ്പുറത്ത് മഞ്ഞപ്പിത്തം മൂലം യുവാവ് മരിച്ചു. എടക്കര ചുങ്കത്തറ മുട്ടിക്കടവ് സ്വദേശി തെജിൻ സാൻ (22) ആണ് മരിച്ചത്. കോഴിക്കോട് സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലിരിക്കെ ചൊവവാഴ്ചയായിരുന്നു മരണം.

ഈ മാസം 13ന് ആണ് യുവാവിന് ശാരീരിക ബുദ്ധിമുട്ടുകൾ അനുഭവപ്പെട്ടത്. ആരോഗ്യസ്ഥിതി മോശമായതോടെ 18ന് കോഴിക്കോട് സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയായിരുന്നു.

മലപ്പുറത്ത് ഈ വർഷം ഒൻപത് പേരാണ് മഞ്ഞപ്പിത്തം ബാധിച്ച് മരിച്ചത്. സംസ്ഥാനത്ത് ഈ വർഷം 1,977 പേർക്ക് മഞ്ഞപ്പിത്തം സ്ഥിരീകരിച്ചതായാണ് ആരോഗ്യവകുപ്പിൻറെ കണക്ക്. ഇതിൽ ഭൂരിഭാഗവും കഴിഞ്ഞ ഒരാഴ്ചക്കിടെ രോഗം സ്ഥിരീകരിച്ചവരാണ്.

## ചെറുപുഴ പഞ്ചായത്ത് ഓഫീസിലേക്ക് കോൺഗ്രസ് നടത്തിയ മാർച്ചിൽ സംഘർഷം

ചെറുപുഴ: മണ്ഡലം കോൺഗ്രസ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ചെറുപുഴ പഞ്ചായത്ത് ഓഫീസിലേയ്ക്ക് നടത്തിയ മാർച്ചിൽ നേരിയ സംഘർഷം. വാർഷിക പദ്ധതിയിൽ റോഡ് വികസനത്തിനുള്ള ഒരു കോടിയോളം രൂപ ചെലവഴിക്കാതെ സ്പിൽ ഓവറാക്കിയതിൽ പ്രതിഷേധിച്ചും മൂന്നര വർഷത്തെ പഞ്ചായത്തിലെ വികസന മുരടിപ്പിനെതിരേയുമായിരുന്നു മാർച്ച്.

ചെറുപുഴ കോൺഗ്രസ് ഓഫീസ് പരിസരത്തു നിന്നും ആരംഭിച്ച മാർച്ച് ബസ്റ്റാൻഡ് ചുറ്റി പഞ്ചായത്ത് ഓഫീസിന് മുന്നിലെത്തി. ചെറുപുഴ പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർമാരായ പി. ഡി. റോയിച്ചൻ, മനോജ് എന്നിവരുടെ നേതൃത്വത്തിൽ പോലീസ് മാർച്ച് തടഞ്ഞു.

ഇതിനിടയിൽ പ്രവർത്തകർ പഞ്ചായത്ത് ഓഫീസിലേയ്ക്ക് തള്ളിക്കയറാൻ ശ്രമിച്ചത് പോലീസും പ്രവർത്തകരും തമ്മിൽ സംഘർഷത്തിന് കാരണമായി. നേതാക്കൾ ഇടപെട്ട് രംഗം ശാന്തമാക്കി. തുടർന്ന് നടന്ന യോഗത്തിൽ മണ്ഡലം പ്രസിഡൻറ് ടി. പി. ചന്ദ്രൻ അധ്യക്ഷത വഹിച്ചു. കണ്ണൂർ കോർപ്പറേഷൻ മുൻ മേയർ ടി. ഒ. മോഹനൻ ഉദ്ഘാടനം ചെയ്തു. മുതിർന്ന കോൺഗ്രസ് നേതാവ് വി. കൃഷ്ണൻ, എ. ബാലകൃഷ്ണൻ, മഹേഷ് കുന്നുമ്മൽ, ഷാജൻ ജോസ്, സലീം തേക്കാട്ടിൽ, കെ. ഡി. പ്രവീൺ, പ്രണവ് കരേള, വി. വി. ദാമോദരൻ, സലീം തേക്കാട്ടിൽ, തോമസ് കൈപ്പനാനിക്കൽ എന്നിവർ പ്രസംഗിച്ചു.

### ഡിസ്പെയ്സിൻറെ ഏഷ്യയിലെ ആദ്യ കോംപിറ്റൻസ് കേന്ദ്രം തലസ്ഥാനത്ത് പ്രവർത്തനമാരംഭിച്ചു

# സംസ്ഥാനത്തിൻെറ കരുത്താർന്ന ആവാസ വ്യവസ്ഥയ്ക്കുള്ള അംഗീകാരമെന്ന് മന്ത്രി പി രാജീവ്

തിരുവനന്തപുരം: സിമുലേഷൻ ആൻഡ് വാലിഡേഷൻ സേവനങ്ങൾ ലഭ്യമാക്കുന്ന ലോകത്തിലെ മുൻനിര കമ്പനിയായ ഡിസ്പെയ്സിൻറെ ഏഷ്യയിലെ ആദ്യത്തെ കോംപിറ്റൻസ് കേന്ദ്രം തലസ്ഥാനത്ത് പ്രവർത്തനമാരംഭിച്ചു. മനുഷ്യവിഭവശേഷിയാൽ സമ്പന്നമായ സംസ്ഥാനത്തിൻറെ ആവാസവ്യവസ്ഥ കരുത്തുറ്റതാണെന്ന് തെളിയിക്കാൻ ഇതിലൂടെ സാധിച്ചതായി നിയമവ്യവസായകയർ വകുപ്പ് മന്ത്രി പി. രാജീവ് പറഞ്ഞു.

ജർമ്മനി ആസ്ഥാനമായി പ്രവർത്തിക്കുന്ന ഡിസ്പെയ്സ് പോലുള്ള സോഫ്റ്റ് വെയർ അതികായൻമാരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് സംസ്ഥാനം സജ്ജമാണെന്ന് ഡിസ്പേയ്സ് ഇന്ത്യ സോഫ്റ്റ് വെയർ ആൻഡ് ടെക്നോളജീസിൻറെ ഉദ്യോഗസ്ഥരുമായി സംസാരിക്കവേ മന്ത്രി പറഞ്ഞു.

കണക്റ്റഡ്, ഓട്ടോണമസ്, ഇലക്ട്രിക്കൽ പവർ വാഹനങ്ങൾ വികസിപ്പിക്കുന്നതിന് ലോകമെമ്പാടുമുള്ള പ്രമുഖ ഓട്ടോമൊബൈൽ കമ്പനികൾക്ക് നിർണായക സേവനങ്ങൾ നൽകുന്ന ഡിസ്പേയ്സ് കഴക്കൂട്ടം കിൻഫ്രാ പാർക്കിലാണ് പ്രവർത്തനമാരംഭിച്ചത്. കമ്പനിയുടെ ഏഷ്യയിലെ ആദ്യത്തെ കോംപിറ്റൻസ് കേന്ദ്രമാണിത്. ജർമ്മനിയിലും ക്രൊയേഷ്യയിലുമാണ് മറ്റ് കേന്ദ്രങ്ങൾ സ്ഥിതി ചെയ്യുന്നത്.

ഉയർന്നതോതിൽ നൈപുണ്യമുള്ള മനുഷ്യവിഭവശേഷി ഇവിടെയുണ്ട് എന്നതാണ് കേരളത്തിൻറെ ഏറ്റവും പ്രധാനപ്പെട്ട നേട്ടമെന്ന് മന്ത്രി രാജീവ് ചൂണ്ടിക്കാട്ടി. സമ്പദ് വ്യവസ്ഥയെയും സമൂഹത്തെയും വിജ്ഞാനാധിഷ്ഠിതമാക്കി മാറ്റുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്.ബഹിരാകാശ മേഖലയ്ക്കും ഐടിയ്ക്കും അനുബന്ധ വിഭാഗങ്ങൾക്കും തലസ്ഥാനത്ത് മികച്ച ആവാസ വ്യവസ്ഥയാണുള്ളത്. നിർദ്ദിഷ്ട ബഹിരാകാശ പാർക്ക് ഡിസ്പെയ്സിൻറെ പ്രവർത്തനങ്ങൾക്ക് ഗുണകരമാകുമെന്നും അദ്ദേഹം പറഞ്ഞു. കഴിവുള്ള യുവാക്കൾക്ക് മികച്ച അവസരങ്ങൾ സൃഷ്ടിച്ച് അവരെ പ്രയോജനപ്പെടുത്തുന്നതിനൊപ്പം തലസ്ഥാനത്ത് ലഭ്യമായ മികച്ച അടിസ്ഥാന സൗകര്യങ്ങൾ ആർട്ടിഫിഷ്യൽ ഇൻറലിജൻസിൻറെ സാധ്യതകൾക്കൊപ്പം പ്രയോജനപ്പെടുത്താൻ ഡിസ്പേയ്സിന് സാധിക്കുമെന്നും മന്ത്രി ചൂണ്ടിക്കാട്ടി.

വാഹന വ്യവസായത്തിൽ പോർഷെ, ജാഗ്വാർ, ബിഎംഡബ്ല്യൂ, ഓഡി, വോൾവോ, എവിഎൽ, ബോഷ്, ടാറ്റ മോട്ടോഴ്സ്, ഇസഡ്എഫ്, എംഎഎൻ, ടൊയോട്ട, ഹോണ്ട, ഫോർഡ്, സ്റ്റെല്ലാൻറിസ്, ഹ്യൂണ്ടായ്, വിഡബ്ല്യൂ, ജിഎം, ഡെയ്ംലർ, ഡെൻസോ, റെനോ തുടങ്ങിയ വമ്പൻമാരുടെ പേരുകൾ ഡിസ്പെയ്സിൻറെ ഉപഭോക്താക്കളിൽ ഉൾപ്പെടുന്നു.കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കി തന്നതിന് സംസ്ഥാന സർക്കാരിന് നന്ദി അറിയിക്കുന്നതായി ഡിസ്പെയ്സ് ഇന്ത്യ സോഫ്റ്റ് വെയർ ആൻഡ് ടെക്നോളജീസ് മാനേജിംഗ് ഡയറക്ടറും സിഇഒ യുമായ ആൻഡ്രിയാസ് ഗൗ പറഞ്ഞു. പദ്ധതികളുടെയും ഉത്പന്നങ്ങളുടെയും പൂർണ ഉത്തരവാദിത്തം കോംപിറ്റൻസ് കേന്ദ്രത്തിനായിരിക്കുമെന്നും അദ്ദേഹം പറഞ്ഞു.

രാജ്യത്തെ പല നഗരങ്ങളിലും അന്വേഷണം നടത്തിയെങ്കിലും സൗകര്യവും സാധ്യതയും കണക്കിലെടുത്താണ് സംസ്ഥാന തലസ്ഥാനം തിരഞ്ഞെടുത്തതെന്ന് ഡിസ്പെയ്സ് ഇന്ത്യ സോഫ്റ്റ് വെയർ ആൻഡ് ടെക്നോളജീസ് മാനേജിംഗ് ഡയറക്ടർ ഫ്രാങ്ക്ളിൻ ജോർജ് പറഞ്ഞു. ഇവിടെ നിന്ന് പ്രതിഭാധനരായ യുവാക്കളെ റിക്രൂട്ട് ചെയ്ത് എല്ലാ ന്യൂജെൻ സാങ്കേതികവിദ്യയുമായി കേന്ദ്രം പ്രവർത്തിക്കുമെന്നും അദ്ദേഹം പറഞ്ഞു.

ഇന്ത്യയെപ്പോലുള്ള വലിയ വാഹന വിപണിയിൽ ഈ കമ്പനിക്ക് മികച്ച സാധ്യതയാണുള്ളതെന്ന് ഡിസ്പേയ്സ് വൈസ് പ്രസിഡൻറ് എൽമർ ഷ്മിറ്റ്സ് പറഞ്ഞു. കേരളത്തിൽ നിന്നുള്ള കൂടുതൽ ആളുകളെ ഇവിടെ നിയമിക്കുമെന്നും അവരുടെ കഴിവുകൾ പ്രയോജനപ്പെടുത്താൻ ആഗ്രഹിക്കുന്നതായും അദ്ദേഹം പറഞ്ഞു.കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെൻറ് കോർപ്പറേഷൻ (കെഎസ്ഐഡിസി) എക്സിക്യൂട്ടീവ് ഡയറക്ടർ ഹരി കൃഷ്ണൻ ആർ, കെഎസ്ഐഡിസി ഇൻവെസ്റ്റ്മെൻറ് പ്രമോഷൻ ജിഎം വർഗീസ് മാളക്കാരൻ, കെഎസ്ഐഡിസി ഇൻവെസ്റ്റ്മെൻറ് പ്രമോഷൻ എജിഎം സുനി പി എസ്, കെഎസ്ഐഡിസി ഇൻവെസ്റ്റ്മെൻറ് പ്രമോഷൻ മാനേജർ പ്രശാന്ത് പ്രതാപ്, ഡിസ്പെയ്സ് ഓഫ്ഷോറിംഗ് ഇന്ത്യൻ മേധാവി മഞ്ജു മേരി ജോർജ്, ഡിസ്പെയ്സ് ജർമ്മനി സിഎഫ്ഒ ജെൻസ് ഗ്രോഷ് എന്നിവരും ചടങ്ങിൽ സന്നിഹിതരായിരുന്നു.

1988 ൽ സ്ഥാപിതമായ ഡിസ്പെയ്സിന് ഓട്ടോമോട്ടീവ്, എയ്റോസ്പേസ്, കൊമേഴ്സ്യൽ, ഓഫ്ഹൈവേ, ഇലക്ട്രിക് ഡ്രൈവുകൾ, അക്കാദമിക്, മെഡിക്കൽ എഞ്ചിനീയറിംഗ് തുടങ്ങിയ വിവിധ മേഖലകളിലായി മൂന്ന് പതിറ്റാണ്ടിലേറേ പ്രവർത്തന പാരമ്പര്യമുണ്ട്. സോഫ്റ്റ് വെയർ ഇൻദിലൂപ്പ് (എസ്ഐഎൽ) ടെസ്റ്റിംഗ്, സെൻസർ ഡാറ്റ മാനേജ്മെൻറ്, സിമുലേഷൻ മോഡലിംഗ്, ഡാറ്റ അന്നോട്ടേഷൻ, ഡാറ്റഡ്രൈവ് ഡെവലപ്മെൻറ്, പ്രോട്ടോടൈപ്പിംഗ്, ഹാർഡ് വെയർ ഇൻദിലൂപ്പ് (എച്ച്ഐഎൽ) ടെസ്റ്റിംഗ്, മോഡൽ ബേസ്ഡ് ഡെവലപ്മെൻറ്, പ്രൊഡക്ഷൻ സോഫ്റ്റ് വെയർ ഡെവലപ്മെൻറ്, ആർട്ടിഫിഷ്യൽ ഇൻറലിജൻസ് തുടങ്ങി വിവിധ സേവനങ്ങൾ കമ്പനി ലഭ്യമാക്കുന്നു. ലോകമെമ്പാടുമായി 2,600 ലധികം ജീവക്കാർ കമ്പനിക്കുണ്ട്.



*ജർമ്മൻ കമ്പനിയായ ഡിസ്പെയ്സിലെ ഉന്നത ഉദ്യോഗസ്ഥരുമായി നിയമവ്യവസായകയർ വകുപ്പ് മന്ത്രി പി. രാജിവ് സംസാരിക്കുന്നു.*